Ksmart

തീയതി : 29-09-2026
നമ്പർ : 25/2026

# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

## കൗൺസിൽ മീറ്റിംഗ് നോട്ടീസ്

മാന്യരേ,

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഒരു സാധാരണ യോഗം 2026 ഒക്ടോബർ മാസം 03-ാം തീയതി ശനിയാഴ്ച 03:00 PM-ന് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേരുന്നതാണ്. യോഗത്തിന്റെ അജണ്ട താഴെ ചേർക്കുന്നു. യോഗത്തിൽ എല്ലാ കൗൺസിലർമാരും പങ്കെടുക്കേണ്ടതാണ്.

Dr Niji Justin
Mayor

# അജണ്ട

## സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ

1. 07-09-2026 തീയതിയിലെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

## വിഷയങ്ങൾ

2. **വിഷയം (ഫയൽ നമ്പർ - 4890863-2026)**

   തൃശൂർ കോർപറേഷൻ - "പുഴയ്ക്കൽ മൊബിലിറ്റി ഹബ്ബ്" പദ്ധതി അടിയന്തിരമായി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് തൃശ്ശൂർ പൗരസമിതി സമർപ്പിച്ച സംയുക്ത നിവേദനം വികസന കാര്യ സ്ഥിരം സമിതി ശുപാർശ പ്രകാരം ബഹു. കൗൺസിലിന്റെ പരിഗണനയ്ക്ക് .

   **വിവരണം**

   തൃശ്ശൂർ നഗര ഹൃദയത്തിലും സ്വരാജ് റൗണ്ടിലും ദിനംപ്രതി ആയിരക്കണക്കിന് സ്വകാര്യ-കെ.എസ്.ആർ.ടി.സി ബസുകളും മറ്റ് വാഹനങ്ങളും പ്രവേശിക്കുന്നത് മൂലം കടുത്ത ഗതാഗതക്കുരുക്കും യാത്രാക്ലേശവും അനുഭവപ്പെടുന്ന സാഹചര്യത്തിൽ, ഇതിന് ശാശ്വത പരിഹാരമായി 2012-ൽ സർക്കാർ അനുമതി നൽകിയ "പുഴയ്ക്കൽ മൊബിലിറ്റി ഹബ്ബ്" പദ്ധതി അടിയന്തിരമായി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് തൃശ്ശൂർ പൗരസമിതി

നിവേദനം സമർപ്പിച്ചിരിക്കുന്നു. ശാസ്ത്രീയമല്ലാത്ത ട്രാഫിക് മാനേജ്മെന്റും നഗരമധ്യത്തിലെ ബസ് ടെർമിനലുകളും നിലവിലെ യാത്രാപ്രതിസന്ധി വർദ്ധിപ്പിക്കുന്നുണ്ട്. മുൻപ് ബഹു. മുഖ്യമന്ത്രി ചെയർമാനായും, ജില്ലാ കളക്ടർ സ്പെഷ്യൽ കൺവീനറായും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും, പദ്ധതിക്കായി 2015-ൽ കിൻഫ്ര (KINFRA) 10 ഏക്കർ ഭൂമി കൈമാറുകയും ചെയ്തിരുന്നതുമാണ്. എന്നാൽ നിലവിൽ ഭരണപരവും ധനപരവുമായ കാരണങ്ങളാൽ ഈ പദ്ധതി പൂർണ്ണമായും സ്തംഭനാവസ്ഥയിലായതിനാൽ, ഇത് പുനരുജ്ജീവിപ്പിക്കാൻ ആവശ്യപ്പെട്ട് തൃശ്ശൂർ പൗരസമിതി ബഹു. മുഖ്യമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, പൊതുമരാമത്ത് വകുപ്പ് മന്ത്രി, തൃശ്ശൂർ മേയർ, ജില്ലാ കളക്ടർ എന്നിവർക്ക് സമർപ്പിച്ച സംയുക്ത നിവേദനം 23-06-2026 തീയതിയിലെ വികസന കാര്യ സ്ഥിരം സമിതി (Development Standing Committee) വിശദമായി പരിശോധിക്കുകയും, ആവശ്യമായ തുടർനടപടികൾക്കായി ബഹു. കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തതിൻപ്രകാരം ഈ വിഷയം ബഹു. കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

3. **വിഷയം (ഫയൽ നമ്പർ - 7856176-2026)**

2026 ഒക്ടോബർ 24-ന് "ROOPANTAR" (Rooted in Tradition, Reaching for Tomorrow) Thrissur Development Conclave 2026 എന്ന പേരിൽ വികസന കോൺക്ലേവ് സംഘടിപ്പിക്കുന്നത്- സംബന്ധിച്ച്.

**വിവരണം**

തൃശൂർ കോർപ്പറേഷന്റെ വികസന മുന്നേറ്റങ്ങളും നഗരത്തിന്റെ സമഗ്ര വളർച്ചയും ലക്ഷ്യമിട്ട് 2026 ഒക്ടോബർ 24-ന് **"ROOPANTAR" (Rooted in Tradition, Reaching for Tomorrow) Thrissur Development Conclave 2026** എന്ന പേരിൽ ഒരു ബൃഹത്തായ വികസന കോൺക്ലേവ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.വി.ഡി. സതീശൻ അവർകൾ ഉൽഘാടനം നിർവ്വഹിക്കുന്ന ഈ ചടങ്ങിൽ മന്ത്രിമാർ, പ്രമുഖ ഇൻവെസ്റ്റർമാർ, വ്യവസായ സംരംഭകർ, ധനകാര്യ വിദഗ്ധർ, പൗരപ്രമുഖർ തുടങ്ങി സമൂഹത്തിലെ വിവിധ തുറകളിലുള്ള പ്രമുഖ വ്യക്തികൾ പങ്കെടുക്കുന്നതാണ്. നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഇത്തരം കോൺക്ലേവുകൾ അത്യന്താപേക്ഷിതമാണ്. എങ്കിലും, കോർപ്പറേഷന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ അധിക ചെലവോ വരാത്ത വിധത്തിലാണ് കോൺക്ലേവ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. 24/10/2026 തിയതിയിൽ കോൺക്ലേവ് സംഘടിപ്പിക്കുന്ന വിഷയം ബഹു.കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു

4. **വിഷയം (ഫയൽ നമ്പർ - 6616202-2026)**

തൃശൂർകോർപറേഷൻ - മരാമത്ത് വിഭാഗം - വിവിധ ഡിവിഷനുകളിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ പരിപാലനം (എ എം സി) - പുതിയ AMC യ്ക്കായി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് ബഹുമേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായും ടെൻഡർ അംഗീകരിക്കുന്ന വിഷയവും -സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ- വിവിധ ഡിവിഷനുകളിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ AMC നിലവിൽ ഇല്ലാത്തതാണ്. കോർപ്പറേഷൻ പരിധിയിലെ വിവിധ ഡിവിഷനുകളിലായി 116 ഹൈമാസ്റ്റ് ലൈറ്റുകളുടെ വാർഷിക പരിപാലനത്തിനായി 1,00,60,564/- രൂപയുടെ എസ്റ്റിമേറ്റ് ( AMC തുക - 30,18,169/- രൂപ) തയ്യാറാക്കി ലഭ്യമായത്പ്രകാരം വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം പരിഗണിച്ച് ടി എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും AMC ക്ഷണിക്കുന്നതിനുമായി ബഹു.മേയർ 18-08-2026 നു മുൻകൂർ അനുമതി നല്കിയിട്ടുള്ളതാണ്. 19.8.2026 തീയതിയിലെ PW2-17409/18 ദർഘാസ് പരസ്യപ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ 5 പേർ ടെണ്ടർ സമർപ്പിച്ചിക്കുകയും .അതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ക്വാട്ട് ചെയ്തിരിക്കുന്നത് sujith electrical (BID ID -2592457) എന്നവരുമാണ്.

**BOQ Summary Details**
**Tender Title: Estimate for AMC of 12/10 Metre High Mast**
**Tender ID: 2026_LSGD_866104_1**

| Sheet Name | Sl.No | Bidder Name | Amount | Bid Rank |
|---|---|---|---|---|
| BoQ1 | 1 | sujith electrical (BID ID -2592457) | 2639232.00 | L1 |
| | 2 | DECCAN ASSOCIATES (BID ID -2592797) | 4424240.00 | L2 |
| | 3 | Lanoviz Security Solutions Private Limited (BID ID -2592804) | 4917240.00 | L3 |
| | 4 | BIJU JOSE (BID ID -2592413) | 10117520.00 | L4 |
| | 5 | U F ELECTRICALS LLP (BID ID -2592232) | 10438376.00 | L5 |

എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും AMC ക്ഷണിക്കുന്നതിനുമായി ബഹു.മേയർ 18-08-2026 ന് നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും,ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സുജിത് ഇലക്ട്രിക്കൽസ് ന്റെ 26,39,232/- രൂപയുടെ ടെൻഡർ അംഗീകരിക്കുന്ന വിഷയവും ബഹു.കൗൺസിലിന്റെ പരിഗണനയ്ക്കായി

5. **വിഷയം (ഫയൽ നമ്പർ - 1100069-2026)**

ഇഡി1-1181/26 -എം/എസ് ജി ഡി സ് നെറ്റ്വർക്ക് എന്ന സ്ഥാപനത്തിന് തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ 376 എണ്ണം വൈദ്യുതി പോസ്റ്റുകളിലൂടെ വാടക അടിസ്ഥാനത്തിൽ കമ്മ്യൂണിക്കേഷൻ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുമതി പുതുക്കി നല്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ 376 എണ്ണം പോസ്റ്റുകളിലൂടെ സാമ്പത്തിക വർഷം 2026-27 ലേക്ക് വാടക അടിസ്ഥാനത്തിൽ കമ്മ്യൂണിക്കേഷൻ കേബിൾ സ്ഥാപിക്കുന്നത്തിനുള്ള അനുമതി പുതുക്കി നല്കുന്നതിനും , വാടക തുക നിശ്ചയിക്കുന്നതിനും എം/എസ് ജി ഡി സ് നെറ്റ്വർക്ക് എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷയിന്മേൽ ഉചിതമായ തീരുമാനത്തിനും, ബഹു ഹൈക്കോടതി മുൻപാകെ എം/എസ് ജി ഡി സ് നെറ്റ്വർക്ക് എന്ന സ്ഥാപനം നൽകിയ പരാതിയിൽ വാടക തുക പോസ്റ്റ് ഒന്നിന് ഒരു വർഷത്തേക്ക് Rs 100/- , മുൻകാല പ്രാബല്യത്തോടെ 17/8/22 തീയ്യതി മുതൽ കുറച്ചു ഈടാക്കുന്ന വിധിക്കു എതിരെ അപ്പീൽ സമർപ്പിക്കുന്ന വിഷയത്തിൽ തീരുമാനത്തിനുമായി ബഹു കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു

കുറിപ്പ്

1. ടി സ്ഥാപനം അനുമതി പുതുക്കി നൽകുന്നതിന് dt 19/02/26 ന്ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് .
2. സാമ്പത്തിക വർഷം 2025-2026 ലേക്ക് പോസ്റ്റ് ഒന്നിന് ഒരു വർഷത്തേക്ക് Rs 755/- + GST യാണ് ബഹു . കൗൺസിൽ ടി സ്ഥാപനത്തിന് നിശ്ചയിച്ച വാടക തുക .
3. 6/11/2025 തിയ്യതിയിലെ 20/1 നമ്പർ ബഹു. കൗൺസിൽ തീരുമാനപ്രകാ രം ടി സ്ഥാപനത്തിന് 376 എണ്ണം പോസ്റ്റുകളിലൂടെ സാമ്പത്തിക വർഷം 2025-26 ൽ വാടക അടിസ്ഥാനത്തിൽ കമ്മ്യൂണിക്കേഷൻ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു
4. WP(C) 36973 OF 2024 കേസ്സിലെ 26/11/25 തിയ്യതിയിലെ ബഹു. ഹൈക്കോടതി INTERIM ORDER പ്രകാരം പോസ്റ്റ് ഒന്നിന് ഒരു വർഷത്തേക്ക് Rs 100/- എന്ന നിരക്കിൽ സാമ്പത്തിക വർഷം 2025-2026 ലെ വാടക തുക ടി സ്ഥാപനം ഒടുകിയിട്ടുള്ളതാണ് .
5. മുൻ വർഷം നിശ്ചയിച്ച വാടക നിരക്കിൽ നിന്നും 10% അധികം വർദ്ധനവ് വരുത്തിയാണ് ബഹു. കൗൺസിൽ വാടക നിശ്ചയിച്ചു വരുന്നത്.
6. WP(C) 40017 OF 2024 ലെയും ബന്ധപ്പെട്ട കേസുകളിലെയും **(WP(C) 36973 OF 2024)** ബഹു . ഹൈക്കോടതി വിധി പ്രകാരം M/s Assianet Satellite Communications Limited, M/s Kerala Vision Limited, M/s Nextgen Network Solutions , M/s GDS NETWORK എന്ന സ്ഥാപനങ്ങൾക്ക് 26/2/21 വരെയുള്ള കാലഘട്ടത്തിൽ അദാലത്തിൽ നിശ്ചയിച്ച തുകയും , 21/10/21 വരെയുള്ള കാലഘട്ടത്തിൽ പോസ്റ്റ് ഒന്നിന് ഒരു വർഷത്തേക്ക് 300/- രൂപയും , 21/10/21 മുതൽ 17/8/22 വരെയുള്ള കാലഘട്ടത്തിൽ ഒരു കിലോമീറ്റർ കേബിൾ സ്ഥാപിക്കുന്നതിന് Rs 1000/- തുകയും, 17/8/22 മുതൽ പോസ്റ്റ് ഒന്നിന് ഒരു വർഷത്തേക്ക് Rs. 100/- തുകയും അടവാക്കുന്നതിന്ന് വിധി വന്നിട്ടുളത് .
7. 17/8/2022 മുതൽ മുൻകാല പ്രാബല്യത്തോടെ പോസ്റ്റ് ഒന്നിന് ഒരു വർഷത്തേക്ക് RS 100/-ഈടാകുന്നതിനാണ് ബഹു ഹൈക്കോടതി വിധി .എന്നാൽ പോസ്റ്റ് ഒന്നിന് ഒരു വർഷത്തേക്ക് 100/- രൂപ നിരക്കിൽ ഈടാക്കുന്നത് TELECOMMUNICATONS

RIGHT OF WAY RULES 2024 പ്രകാരം 1 JANUARY 2025 മുതൽ ഈടാക്കുന്നതിനാണ് 25/03/2025 ലെ PWR-C3/49/2023-POWER നമ്പർ സർക്കാർ ഉത്തരവ്, Indian Telegraph Right of Way (Ammend ment) Rules 2022 എന്നിവ ഉപോത്ബലകമാക്കിയാണ് ബഹു .ഹൈക്കോ ടതി ഉത്തരവായിട്ടുള്ളത്

8. 25/03/2025 ലെ PWR-C3/49/2023-POWER നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 29/7/25 ലെ 78 നമ്പർ ബഹു കൌൺസിൽ തീരുമാനപ്രകാരം വാടക തുക പുനഃപരിശോധിക്കുന്നതിനും , പോസ്റ്റിലൂടെ വലിക്കുന്ന കേബി ളുകളുടെ എണ്ണം നിജപ്പെടുത്തുന്നത് സംബന്ധിച്ച് ബഹു അഡിഷണൽ ചീഫ് സെക്രെട്ടറിക്ക് കത്ത് നൽകിയിരുന്നു.
9. നിലവിൽ കോടതി ഉത്തരവ് പ്രകാരം തുക ഒടുക്കു വരുത്തുന്നതിന് അനുവദിച്ചാൽ തന്നെയും അന്തിമ ഉത്തരവ് പ്രകാരം ഒടുക്കുവരുത്തേണ്ട വാടക തുക അധികരിക്കുന്ന പക്ഷം ആയത് മുൻകാല പ്രാബല്യത്തോടെ പലിശ ഉൾപ്പെടെ ഒടുക്കുവരുത്തുന്നതിന് സേവന ദാതാവ് ആയ കേബിൾ കമ്പനികൾ ബാധ്യസ്ഥരായിരിക്കുന്നതാണ് എന്ന നിബന്ധന ബാധകമായിരിക്കും.
10. 27/6/2026 തിയ്യതിയിലെ ബഹു. പൊതു മരാമത്ത്കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25 നമ്പർ തീരുമാനപ്രകാരം ടി ഓഫീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം/എസ് ജി ഡി സ് നെറ്റ്വർക്ക് എന്ന സ്ഥാപനത്തിന് തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ 376 എണ്ണം പോസ്റ്റുകളിലൂടെ സാമ്പത്തിക വർഷം 2026-27 ലേക്ക് വാടക അടിസ്ഥാനത്തിൽ കമ്മ്യൂണിക്കേഷൻ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുമതി പുതുക്കി നല്കുന്നതിനുള്ള എം/എസ് ജി ഡി സ് നെറ്റ്വർക്ക് എന്ന സ്ഥാപനത്തിന്റെ അപേക്ഷ കൗൺസിലിന്റെ പരിഗണനക്കു സമർപ്പിക്കുന്നു.

6. **വിഷയം (ഫയൽ നമ്പർ - 2201238-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-നഗരാസൂത്രണ വിഭാഗം - KL 08 CE 6746 (MARUTHI SUZUKI - SWIFT DZIRE) എന്ന നമ്പർ വാഹനം കരാർ വ്യവസ്ഥയിൽ ഒല്ലൂർ സോണൽ ഓഫീസിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ടെൻഡർ അടിസ്ഥാനത്തിൽ എഗ്രിമെന്റെ വയ്ക്കുന്നതിനു - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം- ഒല്ലൂർ സോണൽ ഓഫീസിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് കരാർ വ്യവസ്ഥയിൽ സർവീസ് നടത്തിയ **KL 08 BD 8652 (Sri. JAICO JOSEPH - MARUTHI SUZUKI - SWIFT DZIRE)** എന്ന നമ്പർ വാഹനത്തിന്റെ എഗ്രിമെന്റ് കാലാവധി **31/03/2026** അവസാനിച്ചിട്ടുള്ളതാണ്.നിലവിൽ വാഹനം അത്യാന്താപേക്ഷിതമാണ് എന്ന് എഞ്ചിനീയറിംഗ് വിഭാഗം അറിയിക്കുകയും,അതനുസരിച്ച് വാടകയ്ക്ക് വാഹനം എടുക്കുന്നതിന് **21.05.2026** തിയ്യതിൽ ടെൻഡർ ക്ഷണിക്കുകയും , രണ്ട് പേർ പങ്കെടുക്കുകയും ചെയ്തു .ആയതിൽ **ശ്രീ.പി എസ് കൃഷ്ണകുമാർ** എന്ന വ്യക്തി പ്രതിമാസം **36000/-** രൂപ എന്ന നിരക്കും, **ശ്രീ.പി ആർ മോഹനൻ** എന്ന വ്യക്തി പ്രതിമാസം **37000/-** രൂപ എന്ന നിരക്കുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എഞ്ചീനീയറിംഗ് വിഭാഗം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ **ശ്രീ. കൃഷ്ണകുമാർ പി എസ്** എന്നവരുടെ **-36000/-** രൂപയുടെ ടെണ്ടർ അംഗീകരിക്കാവുന്നതാണെന്ന് പൊതുമരാമത്ത് കാര്യ സ്റ്റാൻഡിങ് കമ്മിറ്റി **27/06/2026 - തീയതിയിലെ 13 നമ്പർ** തീരുമാനമെടുത്തിട്ടുള്ളതാണ്. അതനുസരിച്ച് ബഹു.മേയർ **17/07/2026** തീയതിയിൽ മുൻകൂർ അനുമതിയോടെ **ശ്രീ.കൃഷ്ണകുമാർ.പി.എസ്** പുതുമനപ്പറമ്പിൽ(H) **(Agreement**

No.07/OWN/EE2/LSGD/2026-27 DATE 18/07/2026 Amt.36000/- KL-08-CE-6746 MARUTI SUZUKI-SWIFT DZIRE) എന്നവർക്ക് **18/07/2026** തീയതി മുതൽ ഒരു വർഷത്തേക്ക് ടെണ്ടറിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി നൽകിയിട്ടുണ്ട്. ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് ബഹു.കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

7. **വിഷയം (ഫയൽ നമ്പർ - 2540452-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-നഗരാസൂത്രണ വിഭാഗം-KL-08-AX-4948 (ബഹു.സെക്രട്ടറിയുടെ വാഹനം -TOYOTA ETIOS) എന്ന വാഹനത്തിന്റെ ടയർ മാറുന്നതിന് - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് - സംബന്ധിച്ച് .

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ - **KL-08-AX-4948 (ബഹു.സെക്രട്ടറിയുടെ വാഹനം -TOYOTA ETIOS)** എന്ന വാഹനത്തിന്റെ ടയർ മാറുന്നതിനായി ബഹു.മേയറുടെ മുൻകൂർ അനുമതിയോടെ **21/07/2026 - തീയതിയിലെ 2540452-2026 നമ്പർ വർക്ക് ഓർഡർ, WIN SCAN TYRE** എന്ന സ്ഥാപനത്തിന് നൽക്കുകയും അതനുസരിച്ച് വർക്ക് പൂർത്തികരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതുപ്രകാരം ടി സ്ഥാപനത്തിൽ നിന്നും 24,500/-രൂപയുടെ ബിൽ **(ബിൽ AMOUNT: 24500/-)** സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.വർക്ക് ഓർഡർ നൽകിയ ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത്തിനും,ബിൽ തുക അനുവദിക്കുന്നതിനുമായിബഹു.കൌൺസിൽ സമർപ്പിക്കുന്നു.

**കുറിപ്പ് :**

**1.) WIN SCAN TYRE PVT.LTD** - എന്ന സ്ഥാപനത്തിന്റെ **24500/-** രൂപയുടെ ബിൽ അംഗീകരിക്കാവുന്നതാണെന്ന് എൻജിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. **വിഷയം (ഫയൽ നമ്പർ - 4436903-2026)**

തൃശ്ശൂർ കോർപ്പറേഷൻ-മരാമത് വിഭാഗം -കൌൺസിൽ ഹാളിലെ പ്രൊജക്ടർ കംപ്ലയിന്റ് - ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരണത്തിനായി

**വിവരണം**

തൃശ്ശൂർ കോർപറേഷൻ കൌൺസിൽ ഹാളിലെ പ്രൊജക്ടർ കംപ്ലയിന്റ് ആണെന്നും ആയതു മാറ്റുന്നതിന് ഏകദേശം 8000/- രൂപ ചെലവ് വരുമെന്നും പ്രൊജക്ടർ അടിയന്തിരമായി ശരിയാക്കുന്നതിനായി IKM ടെക്നിക്കൽ ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് .ആയതിനു മൂന്ന് ഹാൻഡ് ക്വട്ടേഷൻ ലഭ്യമായിട്ടുള്ളത് ആയത് പ്രൊജക്ടർ മാറ്റുന്നതിനുള്ള അനുമതിക്കാ യും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഡിജിറ്റൽ ട്രേഡേഴ്സ് ന്റെ 7600/- രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനു ബഹു മേയർ 17-07-2026 നു മുൻകൂർ അനുമതി നൽകിയത് പ്രകാരം പ്രവർത്തി നിർവഹിച്ചിട്ടുള്ളതാണ് . അടിയന്തിര സാഹചര്യത്തിൽ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു . കൌൺസിൽ മുൻപാകെ

9. **വിഷയം (ഫയൽ നമ്പർ - 5631005-2025)**

തൃശ്ശൂർ കോർപ്പറേഷൻ- TRUCK MOUNTED POTHOLE REPAIRING MACHINE / VEHICLE - പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നത് -

സംബന്ധിച്ച്

**വിവരണം**

TRUCK MOUNTED POTHOLE REPAIRING MACHINE / VEHICLE പാർക്ക് ചെയ്യുന്നതിന് ഒല്ലൂർ പകൽ വീടിനോടു ചേർന്ന് പാർക്കിംഗ് ഷെഡ് പണിയുന്നതിന് ഒല്ലൂർ അസിസ്റ്റന്റ് എഞ്ചിനീയർ 30,09,000/- രൂപയുടെ ESTIMATE തയ്യാറാക്കിയിട്ടുള്ളതാണ്. Amrut ഫണ്ടിൽ Purchase of Truck Mounted Pot Hole Repairing Machine For Road Restoration എന്ന പദ്ധതിയിൽ 30,09,000/- രൂപയോളം ബാലൻസ് ഉള്ളതാണ്. POTHOLE REPAIRING MACHINE വാഹനം വെയിലും മഴയുമേൽക്കാതെ സുരക്ഷിതമായി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. മേൽ സാഹചര്യത്തിൽ Amrut ഫണ്ട് ഉപയോഗിച്ച് പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ബഹു.കൌൺസിലിൽ മുമ്പാകെ സമർപ്പിക്കുന്നു.

10. **വിഷയം (ഫയൽ നമ്പർ - 1197377-2024)**

PH7തൃശൂർ കോർപറേഷൻ- ആരോഗ്യ വിഭാഗം - പി.എച്ച് - 7 - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ശുചീകരണ പ്രവർത്തികൾക്ക് ഉപയോഗിച്ചു വരുന്ന വാഹനങ്ങൾ,ഫോഗിംങ്ങ് മെഷീൻ ബ്രഷ് കട്ടർ തുടങ്ങിയവയുടെ JULY/2026 മാസത്തെ ഇന്ധന ബില്ല് തുകകൾ അനുവദിക്കുന്നതിനായി ബഹു.മേയർ 14/08/2026 ന് നൽകിയ മുൻകൂർ അനുമതി അംഗീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ശുചീകരണ പ്രവർത്തികൾക്ക് ഉപയോഗിച്ചു വരുന്ന വാഹനങ്ങൾ,ഫോഗിംങ്ങ് മെഷീൻ ബ്രഷ് കട്ടർ തുടങ്ങിയവയുടെ JULY/2026 മാസത്തെ ഇന്ധന ബില്ല് തുക TRICHUR PETROL SALES AND SERVICE ,THRISSUR ന് അനുവധിക്കുന്നതിനായി ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു.കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു

കുറിപ്പ് -

1) ബഹു.മേയർ 14/08/2026 ന് നൽകിയ മുൻകൂർ അനുമതി

2) 575467/- രൂപയുടെ ബില്ല് ചെക്ക് നമ്പർ 355398 തിയതി 14/08/2026 - ബാങ്ക് സൗത്ത് ഇന്ത്യൻ ബാങ്ക് അനുസരിച് TRICHUR PETROL SALES AND SERVICE ,THRISSUR ന് നല്കിയിട്ടുള്ളതാണ് ,

വാഹന നമ്പർ അടിസ്ഥാനത്തിൽ തുക ക്രമീകരിച്ചത്

S No. V.No. Bill Amount

1 TMC KL 08 ബിൽ 8099/-

2. TMC FOGGING-36565/-
3. TMC Grാസ് CUTTING- 132676/-
4. TMC ESCAVATOR- 8567/-
5. TMC BRUSH CUTTER- 117434/-
6. TMC KL 08 BQ 1844-6388/-
7. TMC KL 08 BQ 1908- 2061/-
8. TMC KL 08 BQ 2620- 5048/-
9. TMC KL 08 BQ 3153- 11025/-
10. TMC KL 08 BT 4675- 6182/-
11. TMC KL 08 BX 3130- 43505/-

12. TMC KL 08 CC 5314- 16260/-
13. TMC KL 08 CD 7735-7418/-
14. TMC KL 08 CD 7761-8243/-
15. TMC KL 08 CD 7762- 2061/-
16. TMC KL 08 CD 7805- 8465/-
17. TMC KL 08 CD 7831- 10304/-
18. TMC KL 08 CD 7841- 6182/-
19. TMC KL 08 CD 7843- 27973/-
20. TMC KL 08 CD 7855- 4121/-
21. TMC KL 08 CD 7883- 4121/-
22. TMC KL 08 CE 0951-10936/-
23. TMC KL 08 CE 0962-11747/-
24. TMC KL 08 BM 1366- 10304/-
25. TMC KL 08 BM 1411- 49820/-
26. TMC KL 08 BQ 1206- 4121/-
27. TMC KL 08 BQ 2638- 10304/-
28. TMC MOTOR PUMP- 1712/-
29. TMC KL 08 CB 3078- 8481/-
30. TMC WOOD CUTTER - 1371/-

**Total =5,75,467/-**

11. **വിഷയം (ഫയൽ നമ്പർ - 1812497-2026)**

തൃശ്ശൂർ കോർപ്പറേഷൻ – ആരോഗ്യ വിഭാഗം – പി.എച്ച്.5 – ശക്തൻ ഷോപ്പിംഗ് കോംപ്ലക്സിന്റെ കിഴക്കുഭാഗത്ത് നിൽക്കുന്ന രണ്ട് ആൽമരങ്ങളിലെ നീർക്കാക്കകളുടെ വിസർജ്ജ്യം മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ശിഖരങ്ങൾ മുറിച്ചുനീക്കൽ – ശക്തൻ സർക്കിൾ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർക്ക് ചുമതല നൽകി മുൻകൂർ തുക അനുവദിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, ശക്തൻ യൂണിറ്റ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ശക്തൻ ബസ് സ്റ്റാൻഡിനോട് ചേർന്ന് നിൽക്കുന്ന രണ്ട് ആൽമരങ്ങളിലെ നീർക്കാക്കകളുടെ വിസർജ്ജ്യം മൂലം പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുനീക്കുന്നതിനുള്ള വിഷയം 25/03/2026-ലെ പ്രാദേശികതല ട്രീ കമ്മിറ്റി യോഗത്തിൽ പരിഗണിച്ചിരുന്നു.പ്രാദേശികതല ട്രീ കമ്മിറ്റി തീരുമാനപ്രകാരം, അപകടകരമായി നിൽക്കുന്ന ആൽമരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുനീക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, ശക്തൻ ഷോപ്പിംഗ് കോംപ്ലക്സിന്റെ കിഴക്കുഭാഗത്ത് നിൽക്കുന്ന രണ്ട് ആൽമരങ്ങളുടെ ശിഖരങ്ങൾ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് മുറിച്ചുനീക്കുന്നതിനായി ശക്തൻ സർക്കിൾ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. പ്രിൻസ്റ്റൺ സെൻ-നെ ചുമതലപ്പെടുത്തി. തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 01/06/2026 തിയ്യതിയിലെ K-SMART 20-ാം നമ്പർ നോട്ടുപ്രകാരം ലഭിച്ച മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിനായി ശക്തൻ സർക്കിൾ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർക്ക് ₹10,000/- മുൻകൂർ തുക

അനുവദിച്ച നടപടി സാധൂകരിക്കുന്നതിനായി കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു.

12. **വിഷയം (ഫയൽ നമ്പർ - 3869396-2026)**

തൃശ്ശൂർ കോർപ്പറേഷൻ -PH9_ പൊതുജനാരോഗ്യ വിഭാഗം - കുരിയച്ചിറ അറവ് ശാലയിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട JHI ശ്രീ.ദിനേഷ് കെ ബി എന്നവർക്ക് തുക അനുവദിക്കുന്നതിന് ബഹു.മേയർ നൽകിയ മുൻകൂർ അനുമതി അംഗീകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഉടമയ്ഥതയിൽ -കൂർക്കഞ്ചേരി സോണലിനു കീഴിലുള്ള കുരിയച്ചിറ അറവ് ശാല, ക്രിമറ്റോറിയം, OWC പ്ലാന്റ് എന്നീ സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായുള്ള ചെലവുകളിലേക്കായ് ബന്ധപ്പെട്ട JHI ശ്രീ.ദിനേഷ് കെ ബി എന്നവർക്ക് 50,000/- രൂപ അഡ്വാൻസ് അനുവദിയ.്ക്കുന്നതിനായി ബഹു.മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്ബതിനായി കൌൺസിൽ മുമ്പാകെ ത

കുറിപ്പ്- കുരിയച്ചിറ അറവ് ശാല, ക്രിമിറ്റോറിയം, OWC പ്ലാന്റ് എന്നീ സ്ഥാപനങ്ങളിലെ ചെലവുകൾക്കായ് കൂർക്കഞ്ചേരി സോണലിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ.ദിനേഷ് കെ ബി എന്നിവർക്ക് ബഹു.മേയറുടെ മുൻകൂർ അനുമതിപ്രകാരം 50,000/- രൂപ അനുവദിക്കുന്നതിന് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ ഉത്തരവ് നമ്പർ:3869396-2026 തിയ്യതി:26.05.2026 ലെ നടപടികൾ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

13. **വിഷയം (ഫയൽ നമ്പർ - 2891826-2026)**

തൃശ്ശൂർ കോർപ്പറേഷൻ - ആരോഗ്യ വിഭാഗം - പി എച്ച് 6 - 2026 തൃശ്ശൂർ പൂരം-പൊതു കാനകൾ വൃത്തിയാക്കൽ - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച

**വിവരണം**

സൂചന : ബഹു.മേയറുടെ മുൻകൂർ അനുമതി 27/3/2026 തിയ്യതിയിലെ

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഹെൽത്ത് സെക്ഷൻ തൃശ്ശൂർ പൂരത്തോട് അനുബന്ധിച്ച് സർക്കിൾ - 2 - ലെ പ്രധാനപ്പെട്ട പൊതുകാനകൾ (ചപ്പാത്ത് കാന ,പാലയ്ക്കൽ കാന, സെമിത്തേരി പള്ളി കുളം കാന) വൃത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹു.മേയർ നിർദ്ദേശിച്ചിട്ടുള്ളതും ആയതനുസരിച്ച് ടി പ്രവർത്തി നിർവഹിക്കുന്നതിന് ക്ലീൻസിറ്റി മാനേജർ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ഷാജു.A.J എന്നവരെ ചുമതലപ്പെടുത്തുകയും, ആയത് പ്രകാരം 1,00,000/- മുൻകൂർ തുക അനുവദിക്കുന്നതിന് ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തിയുടെ ചെലവുകൾക്കായി 1,00,000/- (One Lakh only) രൂപ ശ്രീ.ഷാജു.A.J, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, സർക്കിൾ 2 എന്നവർക്ക് മുൻകൂർ തുക അനുവദിച്ച് ഉത്തരവായിരുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി മുൻകൂർ അനുമതി

നല്കിയ ബഹു.മേയറുടെ നടപടി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

14. **വിഷയം (ഫയൽ നമ്പർ - 2378011-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - KL 08 BL 8750- (TATA ZEST) എന്ന നമ്പർ വാഹനം കരാർ വ്യവസ്ഥയിൽ WATER SECTION - ലെ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ടെണ്ടർ അടിസ്ഥാനത്തിൽ എഗ്രിമെന്റെ വയ്ക്കുന്നതിനു - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ - എഞ്ചിനീയറിങ് വിഭാഗത്തിലേക്ക് **(WATER SECTION)** കരാർ വ്യവസ്ഥയിൽ സർവീസ് നടത്തിയിരുന്ന **KL 08 BL 8750 (ശ്രീ.വിശ്വനാഥൻ.കെ -കുളങ്ങര (H)- TATA ZEST)** എന്ന നമ്പർ വാഹനത്തിന്റെ എഗ്രിമെന്റെ **(AgreementNo:03/OWN/EE1/AS/LSGD/2025-26 DATE:10/06/2025)** കാലാവധി **09/06/2026** അവസാനിച്ചിട്ടുള്ളതാണ് .നിലവിൽ വാഹനം അന്ത്യാന്താപേക്ഷിതമാണ് എന്ന് എഞ്ചിനീയറിംഗ് വിഭാഗം**(WATER SECTION)** അറിയിക്കുകയും അതനുസരിച്ച് വാടകയ്ക്ക് വാഹനം എടുക്കുന്നതിന് **20.05.2026** തിയ്യതിൽ ടെണ്ടർ ക്ഷണിക്കുകയും ,രണ്ട് പേർ പങ്കെടുക്കുകയും ചെയ്തു .ആയതിൽ **ശ്രീ.കെ.വിശ്വനാഥൻ(L1)** എന്ന വ്യക്തി പ്രതിമാസം **36,000/-** രൂപ എന്ന നിരക്കും, **ശ്രീ.തിലകൻ.കെ.വി(L2)** എന്ന വ്യക്തി പ്രതിമാസം **40000/-** രൂപ എന്ന നിരക്കുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ **ശ്രീ.കെ.വിശ്വനാഥൻ(L1)** എന്നവരുടെ - **36000/-** രൂപയുടെ കൊട്ടേഷൻ അംഗീകരിക്കാവുന്നതാണെന്ന് പൊതുമരാമത്ത് കാര്യ സ്റ്റാൻഡിങ് കമ്മിറ്റി **27/06/2026** - തീയതിയിലെ **18** നമ്പർ തീരുമാനമെടുത്തിട്ടുള്ളതാണ്.അതനുസരിച്ച് ബഹു.മേയർ **15/06/2026** തീയതിയിൽ മുൻകൂർ അനുമതിയോടെ **ശ്രീ. വിശ്വനാഥൻ .കെ കുളങ്ങര (H) (Agreement No.05/OWN/EE1/LSGD/2026 date: 15/06/2026 KL 08 BL 8750 - TATA -ZEST)** എന്നവർക്ക് **15/06/2026** തീയതി മുതൽ ഒരു വർഷത്തേക്ക് ടെണ്ടറിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി നൽകിയിട്ടുണ്ട്. ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് ബഹു.കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

15. **വിഷയം (ഫയൽ നമ്പർ - 2008140-2024)**

പി.എച്ച് 9 - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ലാലൂർ ക്രിമിറ്റോറിയം അനാഥ ശവം സംസ്കരിക്കുന്നതിന് ബന്ധപ്പെട്ട PHI ക്ക് 25,000/- രൂപ അനുവദിക്കുന്നതിന് ബഹു.മേയർ നൽകിയ മുൻകൂർ അനുമതി അംഗീകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ലാലൂർ ക്രിമിറ്റോറിയത്തിൽ അനാഥ ശവം സംസ്കരിക്കുന്നതിന് ബന്ധപ്പെട്ട PHI ശ്രീമതി. രഹന ഹബീബ് എന്നവർക്ക് അഡ്വാൻസ് ആയി 25,000/- രൂപ അനുവദിക്കുന്നതിന് ഫയൽ നമ്പർ 2008140-2024 പ്രകാരം 17.06.2026 തിയ്യതി ബഹു.മേയർ നൽകിയ മുൻകൂർ അനുമതി അംഗീകാരത്തിനായ് ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ്- ലാലൂർ ക്രിമിറ്റോറിയം വീണ്ടും തുറന്നതിനാൽ അനാഥ ശവം സംസ്കരിക്കേണ്ടതായി വരും. എന്നതിനാൽ ആംബുലൻസ് വാടക, മറ്റു ചിലവുകൾ എന്നിവക്ക് ആവശ്യമായ തുക നഗരസഭ വഹിക്കേണ്ടതായി വരാറുണ്ട്. ആയതിനാലാണ് ക്രിമിറ്റോറിയം ചാർജുള്ള PHI ശ്രീമതി.രഹന ഹബീബ് എന്നവർക്ക് 25,000/- രൂപ അഡ്വാൻസ് ആയി അനുവദിക്കേണ്ടി വരുന്നത്.

16. **വിഷയം (ഫയൽ നമ്പർ - 4233364-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പി.എച്ച് 9- കൂർക്കഞ്ചേരി സോണൽ പരിധിയിലുള്ള കുരിയച്ചിറ ശാന്തിമന്ദിരം ക്രിമിറ്റോറിയത്തിൽ 2 കുറ്റി ഗ്യാസ് ഇറക്കിയതിന് ബന്ധപ്പെട്ട HI ക്ക് ചിലവായ തുക അനുവദിക്കുന്നതിന് ബഹു.മേയർ നൽകിയ മുൻകൂർ അനുമതി അംഗീകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി സോണൽ പരിധിയിൽ കുരിയച്ചിറ ശാന്തിമന്ദിരം ക്രീമിറ്റോറിയത്തിൽ രണ്ടു കുറ്റി ഗ്യാസ് ഇറക്കിയതിന് ബന്ധപ്പെട്ട HI യുടെ കൈയ്യിൽ നിന്നും ചിലവായ തുക - 6204/- രൂപ - അനുവദിക്കുന്നതിന് ബഹു. മേയർ ഫയൽ നമ്പർ 4233364/2026 പ്രകാരം 01/06/2026 ന് നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു.കൌൺസിൽ മുമ്പാകെ .

കുറിപ്പ്:- ഗ്യാസ് വിതരണം ചെയ്യുന്ന ആയുഷ് ഗ്യാസ് ഏജൻസി ഒല്ലൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഗ്യാസ് ക്ഷാമം മൂലം ഗ്യാസ് ലഭിക്കാതെ വന്നപ്പോൾ ക്രിമറ്റോറിയം പ്രവർത്തനം തടസ്സപ്പെടാതിരിക്കാനാണ് താത്ക്കാലികമായി ST ANNES ഭാരത് ഗ്യാസ് DISTRIBUTERS അരണാട്ടുകര എന്ന സ്ഥാപനത്തിൽ നിന്നും 2 സിലിണ്ടർ ലഭ്യമാക്കിയത്.

17. **വിഷയം (ഫയൽ നമ്പർ - 1565570-2026)**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 36, 37 - തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് തേക്കിൻകാട് മൈതാനിയിൽ പോർട്ടബിൾ ടോയ്‌ലറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി – ബഹു. മേയറുടെ മുൻകൂർ അനുമതിയോടെ ടെൻഡർ/ക്വട്ടേഷൻ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതു സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 36, 37 പരിധിയിൽ തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് തേക്കിൻകാട് മൈതാനിയിൽ താൽക്കാലിക കക്കൂസുകൾ (Portable Toilet - 65 Unit/day for 2 days, Total 130 nos) സ്ഥാപിക്കുന്ന പ്രവൃത്തിക്കായി (File No: PW8-1565570/26) ലഭിച്ച ക്വട്ടേഷനുകളിൽ Srishti Constructions (Kalesh A V) നൽകിയ യൂണിറ്റ് ഒന്നിന് ₹5,846/- നിരക്കിലുള്ള അടിസ്ഥാന തുക ₹7,59,980/- ഉം 18% ജി.എസ്.ടി (₹1,36,796.40) ഉൾപ്പെടെ ആകെ **₹8,96,776.40** യും രേഖപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ നിരക്കായ (L1) യൂണിറ്റ് ഒന്നിന് ₹5,764/- നിരക്കിൽ അടിസ്ഥാന തുക ₹7,49,320/- ഉം 18% ജി.എസ്.ടി (₹1,34,878/-) ഉൾപ്പെടെ ആകെ **₹8,84,198/-** ഉം രേഖപ്പെടുത്തി സമർപ്പിച്ച Be comfortable Industries Pvt Ltd (G. Gopakumar, MD) എന്ന കരാറുകാരന്, മാതൃകാ പെരുമാറ്റച്ചട്ടം (MCC) നിലവിലുള്ള സാഹചര്യത്തിലും പൂരവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്തും, ബഹു. കോർപറേഷൻ മേയറുടെ മുൻകൂർ അനുമതിയോടെ

ടെൻഡർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകി കരാറുടമ്പടി ഒപ്പുവെച്ച് വർക്ക് ഓർഡർ നൽകിയിട്ടുള്ള നടപടി സാധൂകരിക്കുന്നതിനും തുക അനുവദിക്കുന്നതിനുമായി വിഷയം ബഹു. കൗൺസിലിനു മുന്നിൽ സമർപ്പിക്കുന്നു.

18. **വിഷയം (ഫയൽ നമ്പർ - 2449123-2026)**

തൃശ്ശൂർ കോർപറേഷൻ - ഒല്ലൂർ സോണൽ ഡിവിഷൻ 24-യൂണിറ്റി നഗറിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് - 276631/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം തുക അടവാക്കുന്നതിന് - ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ഒല്ലൂർ സോണൽ - DIV-24 യൂണിറ്റി നഗർ റോഡിൽ നിലവിലുള്ള യൂണിറ്റി നഗറിന്റെ പ്രവേശന കവാടത്തിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിന് യൂണിറ്റി നഗർ നിവാസികൾ അപേക്ഷ ബഹു മേയർക്കും , KSEB ക്കും സമർപ്പിച്ചിട്ടുള്ളതാണ്. ഒല്ലൂർ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തിയതിൽ യൂണിറ്റി റോഡിലേയ്ക്കുള്ള വാഹന ഗതാഗത്തിന് തടസ്സമുണ്ടാക്കുന്ന തരത്തിലാണ് ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ളത് എന്നും ആയതിനാൽ ടി റോഡിന്റെ പ്രവേശന കവാടത്തിൽ നിന്നും ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് TRANSFORMER SHIFTING -നായി 276631/- രൂപ അടവാക്കുന്നതിന് ആവശ്യപ്പെട്ട് കൊണ്ട് EXECUTIVE ENGINEER, KSEB ESTIMATE നൽകിയതിന്റെ അടിസ്ഥാനത്തിൽ , പൊതുമരാമത്ത് കമ്മിറ്റിയുടെ 27/06/2026 തീയതിയിലെ 5-ാം നമ്പർ തീരുമാനപ്രകാരം ടി തുക അടവാക്കുന്നതിന് ബഹു കൌൺസിലിലേക്ക് നിയമാനുസൃതം ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി പ്രവൃത്തി നടപ്പിലാക്കേണ്ട അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് കെ എസ് ഇ ബി എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 276631/- രൂപ അടവാക്കുന്നതിന് ബഹു മേയറുടെ 24/07/2026 തീയതിയിലെ മുൻകൂർ അനുമതി പ്രകാരം ടി തുക എക്സിക്യൂട്ടിവ് എഞ്ചിനീയർ,കെ എസ് ഇ ബി ,കുരിയച്ചിറ എന്നവർക്ക് ചെക്ക് മുഖേന കൈമാറിയിട്ടുള്ളതാണ്. ബഹുമേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനായി ബഹു കൌൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

19. **വിഷയം (ഫയൽ നമ്പർ - 7194265-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം -പി എ ടു മേയർ തസ്തികയിൽ ശ്രീ.സുരേഷ്കുമാർ നായർ ബി എന്നവരെ 01.06.2026 മുതൽ നിയമിച്ച ബഹു.മേയറുടെ നടപടി സാധൂകരിക്കുന്നത് -സംബന്ധിച്ച്

**വിവരണം**

ബഹു.മേയറുടെ ചേമ്പറിന്റെ ചുമതലകൾ സുഗമമായും,തൃപ്തികരമായും നിർവ്വഹിക്കുന്നതിന് മേയറുടെ പേഴ്സണൽ അസിസ്റ്റൻറായി ശ്രീ.സുരേഷ്കുമാർ നായർ ബി എന്നവർ 01.06.2026 മുതൽ 22.07.2026 വരെ താല്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ബഹു.മേയറുടെ അനുമതിയോടെ ജോലി ചെയ്തിരുന്നു.ടിയാനെ നിയമിച്ച ബഹു.മേയറുടെ നടപടി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ

കുറിപ്പ്

തദ്ദേശ സ്വയംഭരണ(ഇ.എം)വകുപ്പിന്റെ 18/02/2022 തീയ്യതിയിലെ സ.ഉ.(സാധാ)നം352/2022/LSGD നമ്പർ ഉത്തരവ് പ്രകാരം മുഖ്യ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് നഗരസഭകളിലെ ചെയർമാൻമാർക്ക് ചുമതലകൾ തൃപ്തികരമായി നിർവ്വഹിക്കുന്നതിന് നഗരസഭയ്ക്ക് പുറത്തുനിന്ന് ക്ലർക്ക്/പേഴ്സണൽ അസിസ്റ്റന്റായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വേതനം നൽകികൊണ്ട് കരാർ/ദിവസ വേതന വ്യവസ്ഥയിൽ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

20. **വിഷയം (ഫയൽ നമ്പർ - 4829202-2026)**

തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം (R13)- ബഹു..ഹൈക്കോടതി WP(C) No.29627/2026 -ൽ 02.09.2026 തീയതി നമ്പർ കേസിലെ വിധി സബംന്ധിച്ച് .

**വിവരണം**

തൃശൂർ കോർപ്പറേഷന്റെ വടക്കേച്ചിറ ബസ് ടെർമിനലിലെ Room No.4-ന് വേണ്ടി 13.01.2026 ന് നടത്തിയ ടെണ്ടറിൽ ഹർജിക്കാരൻ പങ്കെടുക്കുകയും 11.03.26 ലെ 8 ആം നമ്പർ കൌൺസിൽ യോഗതീരുമാന പ്രകാരം ₹18,000/+18% ജി.എസ്.ടി വാടക നിരക്കിൽ അംഗീകരിക്കുകയും 27.03.2026-ലെ Order No.1307265-2026 പ്രകാരം ഉത്തരവ് നടപടികൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ സ്വന്തം ചെലവിൽ റൂമിന്റെ സജീകരണങ്ങൾ നടത്തുകയും ടി ഷോപ്പിന്റെ പണി നടന്നു കൊണ്ടിരിക്കെ പരാതികളും പ്രതിഷേധവും വന്നതിനെ തുടർന്ന് നഗരസഭ സ്റ്റോപ്പ്മെമ്മോ നൽകിയിരുന്നു. അതിനെതിരെ ഹർജിക്കാരൻ ബഹു ഹൈക്കോടതിയിൽ WP(C) 29627/2026 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട വിധിന്യായം 02/09/2026 തിയതിയിൽ ഈ ഓഫീസിൽ ലഭിച്ചിട്ടുണ്ട്.വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് രണ്ടാഴ്ചക്കുള്ളിൽ licence/lease deed എഴുതി നൽകാനുള്ള നടപടി സ്വീകരിക്കാൻ ബഹു.ഹൈക്കോടതി കോർപ്പറേഷനോട് നിർദ്ദേശിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്ന വിഷയം ബഹു.കൌൺസിൽ പരിഗണനയ്ക്ക് .

കുറിപ്പ്.

1. വടക്കേ സ്റ്റാന്റിലെ മെഡിക്കൽ ഷോപ്പിന് വേണ്ടി നീക്കിവെച്ചിട്ടുണ്ടായിരുന്ന സ്ഥലത്തല്ല ലൈസൻസി സ്വന്തം ചിലവിൽ നിർമ്മാണം ആരംഭിച്ചത് എന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അപ്രൂഡ് പ്ലാൻ അംഗീകരിച്ചു വാങ്ങാതെയാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലും സ്ഥലം വ്യക്തമാകാതെ ലേലം നടത്തിയതിനാലും നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ് എന്ന് 20.08.2026 തിയതിയിലെ 1 ആം നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൌൺസിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതാണ് .

2 .വടക്കേച്ചിറ ബസ് സ്റ്റാന്റിലെ ഒഴിവുള്ള റൂം നമ്പർ 4 എന്ന രീതിയിലാണ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നത്. കൂടുതൽ പരിശോധന നടത്തിയതിൽ 2020 ലെ വടക്കേ സ്റ്റാന്റ് നടപടിക്രമങ്ങളിൽ മെഡിക്കൽ സ്റ്റോർ നുള്ള സ്ഥലം എന്നാണ് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നത്. പല തവണ ലേലം നടത്തിയതിൽ സ്ഥലം എന്നത് തെറ്റായി മുറി എന്നാണ് എഴുതി വന്നിരുന്നത്. എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ ലൊക്കേഷൻ , വിസ്തീർണം , നിർമിക്കാവുന്ന കെട്ടിടത്തിന്റെ തരം എന്നിവ രേഖപ്പെടുത്താതെ റൂം നമ്പർ 4 എന്ന രീതിയിൽ നടത്തിയ ടെണ്ടർ നടപടികളിൽ പിശകുള്ളതായി കാണുന്നു. റൂം എന്ന് രേഖപ്പെടുത്തി ടെണ്ടർ ക്ഷണിച്ചതിന് ശേഷം

മുറിക്ക് പകരം സ്ഥലം അനുവദിക്കുന്നത് നിയമപരമായി തെറ്റാണ്. ആയതിനാൽ ടിയാന് സ്ഥലം അനുവദിച്ച നടപടി റദ്ദ് ചെയ്യുന്നതാണ് ഉചിതം.

21. **വിഷയം (ഫയൽ നമ്പർ - 4829202-2026)**

തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം (R13)- വടക്കേച്ചിറ ബസ് ടെർമിനൽ റൂം no.4 (മെഡിക്കൽ ഷോപ്പ്) - 20.08.2026 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൌൺസിൽ പരിഗണനയ്ക്ക് .

**വിവരണം**

തൃശൂർ കോർപ്പറേഷൻ വടക്കേചിറ ബസ് ടെർമിനലിലെ 4 ആം നമ്പർ മുറിയുടെ പണി പൂർത്തിക്കരിക്കേണ്ടതിരിക്കെ ഉണ്ടായിട്ടുള്ള ഉപരോധത്തെയും തന്റെ സാമ്പത്തിക നഷ്ടത്തേയും പരിഗണിച്ച് എത്രയും വേഗം കടയുടെ പണി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് ശ്രീ.ഷമീർ .വി.എ .എന്നവരുടെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് തൃശൂർ കോർപ്പറേഷൻ വടക്കേചിറ ബസ് ടെർമിനലിലെ 4 ആം നമ്പർ മുറി പ്രതിമാസം 18,000/-രൂപ ലൈസൻസ് ഫീസ് നിരക്കിൽ 13.01.2026 ലെ ടെണ്ടർ നടപടിയിലൂടെ 11.03.26 ലെ കൌൺസിൽ യോഗ തീരുമാനപ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളതാണ് .ആയതിന്റെ 12 മാസത്തെ ലൈസൻസ് ഫീസിനു തുല്യമായ ഡെപ്പോസിറ്റ് തുക+ജി എസ് ടി ,ഒരു മാസത്തെ മുൻകൂർ വാടക ,മേയർ റിലീഫ് ഫണ്ട് എന്നിവ അടക്കം 2,43,840/- രൂപയും നിരതദ്രവ്യം ഇനത്തിൽ 15000/- രൂപയും ടിയാൻ നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് .ടി ഷോപ്പിന്റെ പണി നടന്നു കൊണ്ടിരിക്കെ ഒരു കൂട്ടം കൌൺസിലർമാർ ഷോപ്പിനു മുന്നിൽ ധർണ്ണ നടത്തുകയും ആയതിനെ തുടർന്ന് ടിയാൻ സ്വമേധയ പണി നിർത്തി വെച്ച് എന്നും ,ഷോപ്പ് നിർമ്മാണത്തിനായി 6,50,000/- രൂപയ്ക്ക് വർക്ക് കൊടുക്കുകയും അതിലേക്കു 3,50,000/- രൂപ അഡ്വാൻസ് കൊടുത്തതായും അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട് .ഭക്ഷണശാല,മെഡിക്കൽ ഷോപ്പ്,സ്റ്റേഷനറിഷോപ്പ്,കംഫർട്ട് സ്റ്റേഷൻ,ബുക്ക് ഷോപ്പ്,കോഫി ഔട്ട്ലെറ്റ്,ബാങ്ക് എന്നിവ പ്രവർത്തനത്തിക്കുന്നതിനാവശ്യമായ മുറി /സ്ഥലം കോർപ്പറേഷനിൽ നിന്നും ലേലം എടുക്കുന്നവർ ആധുനിക സജ്ജീകരണങ്ങൾ കോർപ്പറേഷൻറെ അനുമതിയോടെ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. 2020 ലെ ആദ്യ ലേലം മുതൽ തന്നെ റൂം നമ്പർ 4 ( മെഡിക്കൽ ഷോപ്പ് )എന്ന രീതിയിലാണ് ലേലം നടത്തി വരുന്നത്. ആറ് ലേലം, ഒരു ഓഫർ,അത് കഴിഞ്ഞു വീണ്ടും ലേലം അതിലാണ് അടിസ്ഥാന നിരക്കായ ച.അടിക്ക് 100 രൂപ നിരക്കിൽ 18000/- രൂപക്ക് ക്വട്ടേഷൻ നൽകിയിട്ടുള്ളത് .ഷോപ്പ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങളായ കറൻറ്,ഡ്രെയിനേജ് സൌകര്യങ്ങൾ ഏർപ്പെടുത്തിയ സ്ഥലത്ത് ഷെൽട്ടർ നിർമ്മാണം ആരംഭിച്ചിട്ടുള്ളത് നിയമ പ്രകാരമുള്ള എല്ലാ നടപടികളും FSC/COUNCIL അനുമതി ലഭിച്ചതിനു ശേഷം ഉത്തരവ് നൽകിയത് പ്രകാരമാണ്. വടക്കേ സ്റ്റാന്റിലെ 4-ാം നമ്പർ മുറി എന്ന രീതിയിലാണ് ലേലം/ ടെണ്ടർ നടപടികൾ സ്വീകരിച്ചുണ്ടായിരുന്നത് എന്നാൽ സ്റ്റാന്റിന്റെ രൂപ രേഖയിൽ മെഡിക്കൽ ഷോപ്പിന് വേണ്ടി നീക്കിവെച്ചിട്ടുണ്ടായിരുന്ന സ്ഥലത്തല്ല ലൈസൻസി സ്വന്തം ചിലവിൽ നിർമ്മാണം ആരംഭിച്ചത് എന്ന് കാണുന്നു. എഞ്ചിനീയർ വിഭാഗത്തിൽ നിന്നും അപ്രൂഡ് പ്ലാൻ അംഗീകരിച്ചു വാങ്ങാതെയാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതെന്ന് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലും , മെഡിക്കൽ ഷോപ്പിനായി നീക്കിവെച്ചിട്ടുള്ള സ്ഥലം വ്യക്തമാകാതെ ലേലം നടത്തിയതിനാലും നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി

ക്രമങ്ങൾ പുന : പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ് എന്ന ശുപാർശയോടെയുള്ള 20.08.26 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28ആം നമ്പർ തീരുമാനം കൌൺസിൽ പരിഗണനയ്ക്കായി .

22. **വിഷയം (ഫയൽ നമ്പർ - 2660585-2025)**

തൃശ്ശൂർ കോർപ്പറേഷൻ-നഗരാസൂത്രണ വിഭാഗം-അംഗൻവാടി കെട്ടിടത്തിന് സ്ഥലം അനുവദിക്കുന്നത്-സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 3 ലെ 31-ാം നമ്പർ അംഗനവാടിക്ക് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ കോവിലകത്തും പാടത്ത് കോർപ്പറേഷൻ TUDA വക സ്ഥലത്തിൽ നിന്ന് അംഗനവാടി നിർമ്മിക്കുന്നതിന് 3 സെന്റ് സ്ഥലം അനുവദിച്ച് നൽണമെന്നാവശ്യപ്പെട്ട് ഡിവിഷൻ കൌൺസിലർ നൽകിയ കത്ത് ലഭിച്ചത് പ്രകാരം 6 മീ റ്റ ർ X 6 മീ റ്റ ർ അളവിൽ ഹാൾറൂം, ടോയ്ലറ്റ്, അടുക്കള, സ്റ്റോർറൂം എന്നീ സൌകര്യങ്ങളോട് കൂടിയ അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് front, back side setback ഉൾപ്പെടുത്തി 13.00മീ റ്റ ർ X 10.50 മീറ്റർ അളവിൽ സ്ഥലം ആവശ്യമാണെന്ന് കോർപ്പറേഷൻ ഓവർസിയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷൻ TUDA വക തൃശ്ശൂർ താലൂക്ക് പെരിങ്ങാവ് വില്ലേജ് റീ സർവ്വെ Field No.C43K02Y06-24 ൽ സബ്ബ് ഡിവിഷൻ 7 ൽ ഉൾപ്പെട്ടതും, കിഴക്ക് പടിഞ്ഞാറ് നീളത്തിൽ 10.50 മീറ്ററും, വടക്ക് കിഴക്ക് നീളത്തിൽ 13.00 മീറ്ററും ഉൾപ്പെടുത്തി 0.0136 ഹെക്ട ർ (3.37 സെന്റ് )സ്ഥലത്തിന്റെ സർവ്വെ സ്കെച്ച് ടൌൺ സർവ്വെയർ ലഭ്യമാക്കിയിട്ടുള്ളതാണ്. ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം 13.00 മീ റ്റ ർ X 10.50 മീറ്റർ അളവിലുള്ള സ്ഥലം (3.37സെന്റ് ) അനുവദിക്കാവുന്നതാണെന്ന് അസി. എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 28/7/2025 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം സ്ഥല പരിശോധന നടത്തുന്നതിനും അംഗനവാടി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സൈറ്റ് പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിനുമാണ് തീരുമാനിച്ചത്.ആയതു പ്രകാരം സൈറ്റ്പ്ലാൻ സമർപ്പിച്ചിട്ടുള്ളതാണ്. 16/07/2026 ൽ ബഹു.മേയറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ നഗരാസൂത്രണ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സഹിതം കൌൺസിലിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി സ്ഥല പരിശോധന നടത്തിയതിൽ കോവിലകത്തും പാടത്ത് കോർപ്പറേഷൻ TUDA വക സ്ഥലം കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമാണെന്നും ഇവിടെ ഏകദേശം ടി സ്ഥലത്തിന് സെന്റിന് മാർക്കറ്റ് വില 30 ലക്ഷത്തോളം വരുമെന്നും കമ്മിറ്റി വിലയിരുത്തുന്നു. ടി സ്ഥലത്തു അംഗനവാടി നിർമ്മിക്കുന്നതിന് 3 സെന്റ് സ്ഥലം, മറ്റു വികസന പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത തീതിയിൽ അനുവദിച്ചു നൽകുന്ന വിഷയം കൌൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്-**

09/09/2026 ലെ നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം ബഹു,കൌണസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

23. **വിഷയം (ഫയൽ നമ്പർ - 1565844-2026)**

തൃശ്ശൂർ കോർപ്പറേഷൻ സെൻട്രൽ സോണൽ ഡിവിഷൻ-36-ൽ 2026-ലെ തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് തേക്കിൻകാട് മൈതാനത്ത് സ്ഥാപിച്ച താത്കാലിക

ടോയ്‌ലറ്റുകളിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ പ്രവൃത്തി – ബഹു. കോർപ്പറേഷൻ മേയറുടെ മുൻകൂർ അനുമതിയുടെ സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ സെൻട്രൽ സോണൽ ഡിവിഷൻ-36-ന്റെ പരിധിയിൽ വരുന്ന 2026-ലെ തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് തേക്കിൻകാട് മൈതാനത്ത് ക്രമീകരിച്ച താത്കാലിക ടോയ്‌ലറ്റുകളിൽ നിന്ന് അടിയന്തരമായി മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി പരസ്യമായി ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്കായി രണ്ട് ക്വട്ടേഷനുകൾ ലഭ്യമായതിൽ ശ്രീ. അശോകൻ K B (Kunnel H, Chembukkavu) ടാങ്കറൊന്നിന് ₹3,500/- രൂപയും, ശ്രീ. ആൻഫിയൻ വിൻസെന്റ് (Maliakkal Kappani H, ) ടാങ്കറൊന്നിന് ₹3,400/- രൂപയും നിരക്ക് രേഖപ്പെടുത്തി സമർപ്പിക്കുകയുണ്ടായി. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്കായ ₹3,400/- (പ്രതി ലോഡിന്/ടാങ്കറിന്) രേഖപ്പെടുത്തിയ ശ്രീ. ആൻഫിയൻ വിൻസെന്റിന്റെ ക്വട്ടേഷൻ നിയമാനുസൃതം സ്വീകാര്യമാണ്.തൃശ്ശൂർ പൂരം പൊതുജനാരോഗ്യ സംബന്ധമായും ശുചിത്വ പാലനപരമായും ഏറെ അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തിയായതിനാലും, മാതൃകാ പെരുമാറ്റച്ചട്ടം (MCC) നിലവിലിരുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്തും ബഹു. കോർപ്പറേഷൻ മേയറുടെ മുൻകൂർ അനുമതി വാങ്ങി, ടെൻഡർ അംഗീകരിച്ച് പ്രസ്തുത കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും കരാറുടമ്പടി ഒപ്പുവെച്ച് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി കൃത്യമായി പൂർത്തീകരിക്കുന്ന മുറയ്ക്ക്, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ അളവ് തിട്ടപ്പെടുത്തി അളവനുസരിച്ചുള്ള തുക മാറിയ നൽകുന്നതിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ആവശ്യമാണ്.അതനുസരിച്ച്, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി അനുവദിച്ച് നൽകിയ ബഹു. മേയറുടെ മുൻകൂർ നടപടിക്ക് സാധൂകരണവും, പ്രവൃത്തി പൂർത്തീകരിച്ച് സമർപ്പിക്കുന്ന ബില്ലിന്മേൽ അളവനുസരിച്ച് തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും നൽകുന്നത് സംബന്ധിച്ച വിഷയം കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു

24. **വിഷയം (ഫയൽ നമ്പർ - 2580262-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - KL-08-CC-5314- (HEALTH TRACTOR) എന്ന നമ്പർ വാഹനത്തിന്റെ 4th സർവീസ് പൂർത്തീകരിച്ച ബിൽ തുക അനുവദി ക്കുന്നതിനും , വർക്ക് ഓർഡർ നൽകിയ ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതും - സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - **KL 08 CC 5314 (HEALTH TRACTOR)** എന്ന നമ്പർ വാഹനത്തിന്റെ **4th സർവീസ്** നടത്തുന്നതിന് **UNIQUE MAHINDRA, PVT.LTD -** എന്ന സ്ഥാപനത്തിന്റെ ESTIMATE ലഭിക്കുകയും. അതനുസരിച്ച് ബഹു.മേയർ **10/07/2026 -** തീയതിയിൽ മുൻകൂർ അനുമതി നൽക്കുകയും, തുടർന്ന് വർക്ക് ഓർഡർ **(WORK ORDER NUMBER - 2580262)** നൽകിയതിന്റെ അടിസ്ഥാനത്തിൽ വർക്ക് പൂർത്തിയാക്കുകയും **.UNIQUE MAHINDRA, PVT.LTD** .എന്ന സ്ഥാപനം **25722/-** രൂപയുടെ ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . ബിൽ തുക അനുവദിക്കുന്നതിനും വർക്ക് ഓർഡർ നൽകിയ ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനുമായി ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**കുറിപ്പ് :**

1.) **UNIQUE MAHINDRA, PVT.LTD** - എന്ന സ്ഥാപനത്തിന്റെ **25722/-** രൂപയുടെ ബിൽ അംഗീകരിക്കാവുന്നതാണെന്ന് എൻജിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

25. **വിഷയം (ഫയൽ നമ്പർ - 3370007-2025)**

തൃശൂർ കോർപറേഷൻ - മരാമത്തുവിഭാഗം - Pro No 1551 ക്യാൻസൽ ചെയ്തു SD, അഡീഷണൽ PG എന്നിവ റിലീസ് ചെയ്യുന്നത് – സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ 2023-24 വർഷത്തെ Pro No 1551 " ഡിവിഷൻ 06 വിൽവട്ടം MCF Anapara Snehaveedu" എന്ന പ്രവർത്തിയുടെ കരാറുകാരനായ ശ്രീ ജോൺപോൾ പ്രവർത്തി cancel ചെയ്തു SD, അഡീഷണൽ PG എന്നിവ റിലീസ് ചെയ്തു നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.
പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു
Project no : 1551/24
AS amount : 3000000/-
TS accorded as per TS no : 66732/2023-2024 DTD- 29.11.2023
Bids received : 4 NOS
L1 contractor : JOHN PAUL K
Negotiated amount : 1488615/-
Agreeement No : 290/EE2/LSGD/2023-24/DTD-24.01.2024

MCF, FSTP എന്നീ 2 പ്രവർത്തികൾക്കായി സ്നേഹവീട് കോമ്പൗണ്ടിൽ പുറകുഭാഗത്ത്ഇറിഗേഷൻ കനാൽ വരുന്ന ഭാഗത്താണ് സ്ഥലം കണ്ടെത്തിയിരുന്നത്. നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ച സ്ഥലത്തേക്ക് മെറ്റീരിയൽസ് കൊണ്ട്പോകുന്നതിനായി Bridge across irrigation canal for 100KLD septage treatment plant at Ramavarmapuram നിർമ്മാണം ആരംഭിച്ചിരുന്നു. എന്നാൽ തദ്ദേശവാസികളുടെ എതിർപ്പ് മൂലം 14/01/2026 തീയതിയിൽ ബഹു: മേയറുടെ അധ്യക്ഷതത്തിൽ ചേർന്ന അമൃത് 1 കോർ കമ്മിറ്റിയോഗ തീരുമാന പ്രകാരം പാലം പണി cancel ചെയ്യുന്നതിനായി തീരുമാനിച്ചു. പാലം നിർമ്മാണം ഉപേക്ഷിച്ച് കഴിഞ്ഞതിനാലും MCF നിർമ്മാണത്തിനാവശ്യമായ മെറ്റീരിയൽസ് എത്തിക്കുവാൻ സാധിക്കാത്തതിനാലും MCF നിർമ്മാണം ക്യാൻസൽ ചെയ്യുന്നതിനും SD തുകയായ 14,886/- രൂപ, അഡീഷണൽ PG തുകയായ 29,421/- രൂപ എന്നിവ റിലീസ് ചെയ്ത് നൽകുന്നതിനുള്ള അനുമതിക്കായി ബഹു കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു

**കുറിപ്പ് :**

1. പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റിയുടെ 27.06.2026 തീയതിയിലെ 57 നമ്പർ തീരുമാനം പ്രകാരം MCF നിർമ്മാണം ക്യാൻസൽ ചെയ്യുന്നതിനും SD തുക 14,886/- രൂപ റിലീസ് ചെയ്ത് നൽകുന്നതിനുള്ള അനുമതിക്കായി കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്

26. **വിഷയം (ഫയൽ നമ്പർ - 4359533-2026)**

പ്രൊജക്റ്റ് നം : 1894/24-25 "TCR CORPN VILVATTOM ZONAL DN 5 THANYAMKKADU DRAIN COVERING SLAB HAPPY STREETIRISH DRAIN " - പ്രവൃത്തി ഒഴിവാക്കി സെക്യൂരിറ്റി

ഡെപോസിറ്റ് തുക തിരികെ നൽകുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷൻ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോ: നം : 1894/24-25 "TCR CORPN VILVATTOM ZONAL DN 5 THANYAMKKADU DRAIN COVERING SLAB HAPPY STREETIRISH DRAIN " എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 06.04.2026 തീയതിയിൽ അവസാനിക്കുന്നതിനാലും പരിസരവാസികളുടെ എതിർപ്പിനെ തുടർന്നു ആരംഭിക്കുവാൻ സാധിക്കാത്തതിനാലും പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി സെക്യൂരിറ്റി ഡെപോസിറ്റ് തുക റിലീസ് ചെയ്തു തരുന്നതിനായി കരാറുക്കാരനായ **ജോഷി കെ പി** അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് , സാങ്കേതിക അനുമതി തുക എന്നിവ **12,00,000/- രൂപ ആണ്.**

TS ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള വശത്തു കാന നിർമിച്ചാൽ കിണറുകളിലെ വെള്ളം നാശമാകും എന്ന് പറഞ്ഞാണ് പ്രവർത്തി തടസ്സപെടുത്തിയത് മറു വശത്തു ചെയ്യുവാൻകൗൺസിലർ ഇടപെട്ടുവെങ്കിലും ആ ഭാഗത്തുള്ളവരും സമ്മതിച്ചില്ല 23/06/2026 തീയ്യതിയിൽ പ്രസ്തുത കാന പണിയുന്ന സ്ഥലത്ത് AEE , AE Overseer ,Contractor , Division Councilorഎന്നിവരുടെ സാന്നിധ്യത്തിൽ സ്ഥലം പരിശോധിക്കുകയും സമീപവാസികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഒരു വിഭാഗം ആൾക്കാർ നിലവിലെ കാന പൊളിച്ച് പണിയണമെന്നും എന്നാൽ ഒരു വിഭാഗം നിലവിലെ കാനയെ മൂടി റോഡിന്റെ എതിർവശത്തായി കാന പണിയണമെന്നുള്ള അഭിപ്രായത്തിലാണ്. നിലവിൽ തീരുമാനമൊന്നും ആകാതെ പിരിയുകയാണ് ഉണ്ടായത്. ആയതിനാൽ ഡിവിഷൻ കൗൺസിലറുടെ നേതൃത്വത്തിൽ ഒരു യോഗം വിളിക്കുവാനും ഭൂരിപക്ഷ തീരുമാനപ്രകാരം നടപടികൾ സ്വീകരിക്കാമെന്നുള്ള നിർദ്ദേശമാണ് AEE മുന്നോട്ടുവച്ചത്.എന്നാൽ നാട്ടുകാരുമായി കൗൺസിലർ ചർച്ചചെയ്തു എങ്കിലും പ്രവർത്തി നടത്തുവാൻ സാധിക്കുകയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഡിവിഷൻ കൗൺസിലർ നടത്തിയ ചർച്ചയിലും റോഡിന്റെ ഇരുവശവും കാന ചെയ്യുവാൻ തടസ്സങ്ങൾ ഉന്നയിച്ചിട്ടുള്ളതിനാൽ പ്രവൃത്തി Drop ചെയ്യുന്നതായിരിക്കും ഉചിതം എന്ന് എഞ്ചിനീയറിങ് വിഭാഗതിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതി ഒഴിവാക്കുന്നതിനും, കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് സെക്യൂരിറ്റി ഡെപോസിറ്റ് തുകയായ **56,000/-** രൂപ നിയമാനുസൃതം റിലീസ് ചെയ്യുന്നതിനു കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് 10.08.2026 ലെ 6 നമ്പർ തീരുമാന പ്രകാരം മരാമത്ത് കാര്യ സ്റ്റാന്റിങ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം ബഹു കൌണ്സിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

27. **വിഷയം (ഫയൽ നമ്പർ - 3012997-2025)**

തൃശ്ശൂർ കോർപറേ തൃശ്ശൂർ കോർപറേഷൻ -AMRUT-Construction of Elanjikkulam park-Div-18-general civil work-T S ലഭിച്ച തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതു സംബന്ധിച്ചു ഷൻ -തൃശ്ശൂർ കോർപറേഷൻ -AMRUT-Construction of Elanjikkulam park-Div-18-general civil work-T S ലഭിച്ച തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതു സംബന്ധിച്ചു

**വിവരണം**

AMRUT-Construction of Elanjikkulam park-Div-18 (Estimate Amt-6890904.78, TS Amt-11000000/-, AS Amt-12000000/- കരാറുകാരൻ -ശ്രീ അജയകുമാർ .Quoted amt -6563423/- എഗ്രീമെന്റ് തീയതി 3/10/25 )എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് കുളത്തിന്റെ ഒരു വശത്ത് മാത്രം ആവശ്യമായ ഭാഗത്ത് സൈഡ് പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ provision നൽകിയിരുന്നത്. എന്നാൽ പ്രവൃത്തി സ്ഥലത്ത് നിലവിലെ സ്ഥിതിഗതികൾ പരിശോധിക്കുന്ന സമയം പാട ശേഖര സമിതിയുടെയും ബഹുമാനപ്പെട്ട കൗൺസിലറുടെയും നിർദ്ദേശപ്രകാരം കൂടുതൽ ഭാഗത്ത് സംരക്ഷണ പ്രവൃത്തി ആവശ്യമായി വരുന്നത് ബോധ്യപ്പെട്ടു . ആയതിനാൽ അധിക ഭാഗത്തും സൈഡ് പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കേണ്ടതായി വന്നു.

അധികമായി സൈഡ് പ്രൊട്ടക്ഷൻ വാൾ നിർമ്മിച്ചതിനാൽ അതിനനുസരിച്ച് earthwork excavation, DR masonry, reinforcement, concrete/related structural works എന്നിവയുടെ അളവിലും വർദ്ധനവ് ഉണ്ടായി. കൂടാതെ വാൾ നിർമ്മാണത്തിനായിട്ടുള്ള excavation-ൽ നിന്നും ലഭിച്ച മണ്ണും പാടശേഖരത്തിലേക്ക് ഇടിഞ്ഞ മണ്ണും ആവശ്യമായ ഭാഗങ്ങളിൽ earth filling നടത്തേണ്ട സാഹചര്യം ഉണ്ടായി. ഇതുമൂലം earthwork/filling quantities-ലും വ്യത്യാസം സംഭവിച്ചിട്ടുണ്ട്.

പ്രവൃത്തി സ്ഥലത്തുണ്ടായിരുന്ന Public Toilet-ന്റെ septic tank നാട്ടുകാരുടെ അപേക്ഷ പരിഗണിച്ച് നിലവിലെ സ്ഥാനത്ത് നിന്ന് മാറ്റി കുറച്ചും കൂടി ദൂരത്തേക്ക് സ്ഥാപിക്കേണ്ടി വന്നു. Septic tank-ന്റെ സ്ഥാനം മാറ്റിയതിനെ തുടർന്ന് അതുമായി ബന്ധപ്പെട്ട plumbing works, inlet/outlet connections, pipe laying തുടങ്ങിയ അനുബന്ധ ഇനങ്ങളിലും അധിക അളവ് ആവശ്യമായി വന്നു.

കൂടാതെ, നിലവിലുള്ള നിർദ്ദേശപ്രകാരം septic tank-ന്റെ വലുപ്പം കൂട്ടേണ്ടി വന്നതിനാൽ, ആവശ്യമായ ശേഷി ഉറപ്പാക്കുന്നതിനായി കപ്പാസിറ്റി കൂടിയ septic tank സ്ഥാപിക്കേണ്ട സാഹചര്യം ഉണ്ടായി. ഇതുമായി ബന്ധപ്പെട്ട construction works-ലും ആവശ്യമായ variation ഉണ്ടായിട്ടുണ്ട്.

കുളത്തിനോട് ചേർന്ന് walkway നിർമ്മിക്കുന്നതിനായി ഉൾപ്പെടുത്തിയിരുന്ന ഇന്റർലോക്ക് ടൈൽ ,quarry muck എന്നീ ഇനങ്ങൾ ഒഴിവാക്കിയത് മൂലമാണ് മേൽ പറഞ്ഞ അധിക പ്രവർത്തികൾ ചെയ്യുന്നതിനായിട്ടുള്ള സേവിങ്സ് ലഭ്യമായിട്ടുള്ളത്.

AMRUT- Construction of Elanjikkulam Park -DIV 18 എന്ന പ്രവർത്തിക്കു 1,10,00,000/- രൂപ ആണ് വകയിരുത്തിയിട്ടുള്ളത് .അതിൽ 81,32,000/- രൂപ ആണ് സിവിൽ വർക്കിനായിട്ടുള്ളത് ,എലെക്ട്രിക്കൽ പ്രവർത്തിക്കായി 18,80,000/- രൂപയും gym equipments നായി 9,80,000/- രൂപയും വകയിരുത്തിയിട്ടുള്ളത് .ഇതിൽ സിവിൽ വർക്ക് എസ്റ്റിമേറ്റ് ആണ് റിവൈസ് ചെയ്യുന്നതിനായി സമർപ്പിച്ചിട്ടുള്ളത് ..ആയതിനാൽ എസ്റ്റിമേറ്റ് തു കയിൽ അധികാരിക്കാ തെ സിവിൽ വർക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യു ന്ന വിഷയം ബഹു കൌൺസിൽ പരിഗണനക്കായി

കുറിപ്പു :Works Standing Committee dated 18-07-2026 ഒന്നാം നമ്പർതീരുമാനപ്രകാരം ടി വിഷയം ബഹു .കൌൺസിലിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്

28. **വിഷയം (ഫയൽ നമ്പർ - 2427798-2026)**

TCED RDSS 3723/22 - RDSS - വൈദ്യുതി വിതരണ ശൃംഘലയുടെ നവീകരണ പദ്ധതിയുടെ നിർവ്വഹണ ആവശ്യത്തിലേക്കായി വൈദ്യുതി വിഭാഗത്തിൻറെ വിഹിതം കണ്ടെത്തുന്നതിലേക്കായുള്ള വായ്പ കരാർ പവർ ഫിനാൻസ് കോർപ്പറേഷനുമായി ഒപ്പു വെച്ചത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതി ആയ REVAMPED DISTRIBUTION SECTOR SCHEME (RDSS) പദ്ധതിയുടെ അംഗീകൃത അടങ്കൽ തുക 115 കോടി രൂപ ആണ്. SMART METER, 110 KV SUBSTATION, HT UG CABLE, LT ABC, SCADA, ERP & BILLING തുടങ്ങി വിവിധ പാക്കേജുകളിലായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ അടങ്കൽ തുകയുടെ 60% കേന്ദ്ര സർക്കാരും 40% തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗവുമാണ് വഹിക്കേണ്ടത് . നിലവിൽ അംഗീകരിയ്ക്കപ്പെട്ട എസ്റ്റിമേറ്റ് പ്രകാരം ഏകദേശം 46 കോടി രൂപ വൈദ്യുതി വിഭാഗം കണ്ടെത്തേണ്ടതായിട്ടുണ്ട്. RDSS പ്രൊജക്റ്റിലെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കിയാൽ മാത്രമേ മറ്റു പ്രൊജക്റ്റുകൾക്ക് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിയ്ക്കുകയുള്ളൂ. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം സ്മാർട്ട് മീറ്റർ പദ്ധതി CAPEX MODE ൽ നടപ്പാക്കുന്നതിനാൽ ആയതിന് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിയ്ക്കുകയില്ല. കൂടാതെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുക എന്നത് സംസ്ഥാനസർക്കാരിന്റെ അധിക കടമെടുപ്പ് മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് . പ്രസ്തുത സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭ്യമല്ലാത്ത സ്മാർട്ട് മീറ്റർ പദ്ധതിചെലവ്, സബ് സ്റ്റേഷനു ലൈൻ വലിക്കുന്നതിന് ടവർ സ്ഥാപിയ്ക്കാൻ സ്ഥലം ഏറ്റെടുക്കുന്ന ചെലവ് . UG CABLE കൾ സ്ഥാപിയ്ക്കുമ്പോൾ ROAD RESTORATION ചാർജ് , പദ്ധതി പുരോഗമിയ്ക്കുമ്പോൾ ഭാവിയിൽ ഉണ്ടായേക്കാവുന്ന അപ്രതീക്ഷിത ചെലവുകൾ എല്ലാം പരിഗണിയ്ക്കുമ്പോൾ 100 കോടി രൂപയോളം ബൈദ്യുതി വഭാഗം കണ്ടെത്തേണ്ടതായിട്ടുണ്ട്. പെൻഷൻ ഇനത്തിൽ നാളിതുവരെയായി വൈദ്യുതി വിഭാഗം ചെലവഴിച്ച 120 കോടി രൂപയോളം സംസ്ഥാനസർക്കാരിൽ നിന്നും ലഭിയ്ക്കാനുണ്ട് . പദ്ധതിയ്ക്ക് പണം കണ്ടെത്തുന്ന വിഷയം ബഹു കൌൺസിലിനെ അറിയിക്കുകയും പെൻഷൻ ഇനത്തിൽ സർക്കാരിൽ നിന്നും ലഭിയ്ക്കാനുള്ള കുടിശ്ശിക ലഭിയ്ക്കാത്ത സാഹചര്യത്തിൽ RDSS പദ്ധതി മുടങ്ങാതിരിയ്ക്കാൻ 07/11/2024 ലെ ബഹു കൌൺസിലിന്റെ 1ാം നമ്പർ തീരുമാനപ്രകാരം ബൈദ്യുതി വിഭാഗം കണ്ടെത്തേണ്ട തുക പവർ ഫിനാൻസ് കോർപ്പറേഷൻ (PFC) യിൽ നിന്നും വായ്പയെടുക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം FINANCIAL ASSISTANCE FOR COUNTERPART FUNDING (CP) ആയി 31 കോടി രൂപയും (LOAN NO-33585001) FINANCIAL ASSISTANCE FOR INTERIM FUNDING ആയി 38.75 കോടി രൂപയും (LOAN NO-33585002) എന്നീ രണ്ടു ലോണുകളായി PFC അനുവദിയ്ക്കുകയും ആയതിന്റെ കരാർ നടപടികൾ PFC യുമായിഒപ്പുവെയ്ക്കുകയും ചെയ്ത ഓഫീസ് നടപടി ബഹു കൌൺസിലിന്റെ അറിവിലേക്കായി.

**സെക്രട്ടറിയുടെ കുറിപ്പ്**

ആകെ അടങ്കൽ തുകയുടെ 40% തുക വൈദ്യുതി വിഭാഗം കണ്ടെത്തേണ്ടതാകയാൽ പദ്ധതി നടത്തിപ്പിൻറെ നോഡൽ സ്ഥാപനമായ പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് ബഹു .കൗൺസിൽ അനുമതി നല്കിയിട്ടുള്ളതാണ് .റഫറൻസ് ഫയൽ പി ഡി എസ്സ് 5041/21 വോള്യം .II തീരുമാനം ക്രമനമ്പർ 1 തീയ്യതി 07/11/2024.

29. **വിഷയം (ഫയൽ നമ്പർ - 983362-2026)**

E5-599/23 തൃശ്ശൂർ നഗരസഭ ബജറ്റുമായി ബന്ധപ്പെട്ട ഓഫീസ് സാധനസാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ 2026-27 ബജറ്റ് അവതരണത്തിലേക്ക് ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിലേക്കായി ബഹു.മേയറുടെ മുൻകൂർ അനുമതിയോടെ 99000/- രൂപ അടങ്കൽ നിരക്കിൽ ക്ഷണിച്ച ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്കായി 98,599/- രൂപ രേഖപ്പെടുത്തിയത് M/S P I KAKKU & SON എന്ന സ്ഥാപനമാണ്. അടിയന്തിരസാഹചര്യം പരിഗണിച്ച് ടി സ്ഥാപനം രേഖപ്പെടുത്തിയ നിരക്കായ 98,599/- രൂപ അംഗീകരിച്ച് സപ്ളൈ ഓർഡർ നൽകി ബഹു മേയറുടെ മുൻകൂർ അനുമതിയോടെ തുക അനുവദിച്ച ഓഫീസ് നടപടിക്രമങ്ങൾ സധൂകരിയ്ക്കുന്ന വിഷയം ബഹു കൌൺസിൽ മുൻപാകെ.

കുറിപ്പുകൾ:

1. ക്വട്ടേഷനിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്.
    1. M/S P I KAKKU & SONS THRISSUR - 98,599/-(INCL GST)
    2. M/S SCHOLAR BOOK CENTRE - 99,650/- (INCL GST)
    3. M/S IDEAL OFFICE STATIONERY - 99,700/- (INCL GST)
2. ക്രമപ്രകാരം ദർഘാസ് നടപടികൾ സ്വീകരിച്ചിട്ടുള്ളതിൻപ്രകാരമാണ് വാങ്ങൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്
3. ബജറ്റ് തയ്യാറാക്കുന്നതും അവതരണവും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ നിയമപ്രകാരമുള്ള അധികാര ചുമതലയുടെ പരിധിയിൽ വരുന്നതാണ്.
4. ബഹു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 31/07/2026 തീയതിയിലെ 13ാം നമ്പർ തീരുമാനപ്രകാരം മേൽ പറഞ്ഞ ഓഫീസ് നടപടിക്രമങ്ങൾ സാധൂകരിയ്ക്കുന്നതിനായി ബഹു കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

30. **വിഷയം (ഫയൽ നമ്പർ - 2078221-2026)**

തൃശ്ശൂർ കോർപ്പറേഷൻ -WEST ZONAL- CONSTRUCTION OF TAKE A BRAKE BUILDING AT WEST FORT- എന്ന പ്രവൃത്തി സംബന്ധിച്ചു

**വിവരണം**

Construction of 'Take a Break' Building at West Fort (Project No. 1419 — General Civil Work) Agreement Date: 15.06.2023. Completion Date: 31.12.2025.
Project Amount :50,00,000/-
THRISSUR CORPORATION - WEST ZONAL CONSTRUCTION OF TAKE A BRAKE BUILDING AT WEST FORT PROJECT NUMBER 1419 -എന്ന പ്രവൃത്തിക്ക് 15.06.2023 ന് കരാറുകാരൻ ശ്രീ കെ പി ജോഷി AGREEMENT വച്ചിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 31.12.2025 വരെയായിരുന്നു. പ്രവൃത്തി നടന്നുകൊണ്ടിരുന്ന സമയത്ത് തർക്കം മൂലം നിർത്തിവയ്ക്കേണ്ടി വരികയും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും അസി എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . മേൽ സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാൽ ഈ പ്രവൃത്തിയിൽ നിന്നും തന്നെ ഒഴിവാക്കി പ്രവൃത്തിക്ക് വേണ്ടി സമർപ്പിച്ച SD RELEASE ചെയ്ത് തരണമെന്ന കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് .മേൽ പ്രവൃത്തിയിൽ കെട്ടിടത്തിന്റെ തറ ,പ്ലിന്ത് ബെൽറ്റ് എന്നിവയുടെ നിർമാണം മാത്രമേ നടന്നിട്ടുള്ളൂഎന്നും ആയതിനാൽ defect liability period കഴിയുന്ന മുറക്ക് മാത്രമേ SD release ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നു എഞ്ചിനീയറിങ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തി ഇനി തുടരണമോ എന്ന വിഷയവും കരാറുകാരന് Security Deposit തിരികെ നൽകുന്ന വിഷയവും ബഹു പൊതുമരാമത്തു സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുള്ളതും

10/8/26 ലെ തീരുമാനം നമ്പർ 27 പ്രകാരം പൊതുജനങ്ങളുടെ എതിർപ്പ് മൂലം പ്രസ്തുത പദ്ധതി ക്യാൻസൽ ചെയ്യുന്നതിനും, കരാറുകാരന് ചിലവായ തുക നിയമാനുസൃതം അനുവദിച്ചു നൽകുന്നതിനും, കരാറുകാരന് Security Deposit തുക റിലീസ് ചെയ്ത് നൽകുന്നതിനും കൌൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.ടി വിഷയം ബഹു കൌണ്സിൽ മുൻപാകെ

31. **വിഷയം (ഫയൽ നമ്പർ - 1689689-2026)**

തൃശ്ശൂർ കോർപ്പറേഷൻ മെയിൻ ഓഫീസ് കെട്ടിടത്തിലെ മൾട്ടിലെവൽ കാർ പാർക്കിംഗ് (MLCP) സംവിധാനത്തിന്റെ തടസ്സമില്ലാത്ത പ്രവർത്തനത്തിനായി ഓപ്പറേറ്റർമാരെ ഉൾപ്പെടുത്തിയുള്ള വാർഷിക അറ്റകുറ്റപ്പണി കരാർ (AMC CUM OPERATOR) – കൗൺസിൽ അംഗീകാരം സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ മെയിൻ ഓഫീസ് പരിസരത്ത് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച മൾട്ടിലെവൽ കാർ പാർക്കിംഗ് (MLCP) സംവിധാനത്തിന്റെ ശരിയായ പ്രവർത്തനത്തിനായി സാങ്കേതിക തികവുള്ള ഓപ്പറേറ്റർമാരെ നിയമിക്കാനും, നിർബന്ധിത വാർഷിക അറ്റകുറ്റപ്പണി കരാർ (AMC), ഇൻഷുറൻസ് എന്നിവ ഏർപ്പെടുത്താനും നിർമ്മാണം പൂർത്തിയാക്കിയ കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. സെക്യൂരിറ്റി ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിപ്പിക്കാൻ ശ്രമിച്ചപ്പോൾ സാങ്കേതിക തകരാറുകൾ ഉയർന്നുവന്ന സാഹചര്യത്തിൽ, 2 പരിശീലനം ലഭിച്ച ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള AMC നൽകുവാൻ തീരുമാനിക്കുകയും, ഇതനുസരിച്ച് ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ടെൻഡറിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ താഴെ നൽകുന്നു:

| ക്രമ നമ്പർ | കരാറുകാരന്റെ പേരും വിലാസവും | സമർപ്പിച്ച നിരക്ക് (Quoted Amount) | നില (Status) |
|---|---|---|---|
| 1 | **ശ്രീ. മിജോയ് മാമു കോടഞ്ചേരി,** കോടഞ്ചേരി ഹൗസ്, മണലാർക്കാവ് സ്ട്രീറ്റ്, വിയ്യൂർ P.O, തൃശ്ശൂർ | **₹8,80,000/-** + GST | **L1 (ഏറ്റവും കുറഞ്ഞ നിരക്ക്)** |
| 2 | **മെസ്സേഴ്സ് കൈരളി ഹോം അപ്പാർട്ട്മെന്റ്സ് ആന്റ് വില്ലാസ്പ്രൈവറ്റ്ലിമിറ്റഡ്**30/374/3, വണിയൻ ലെയിൻ, പൂങ്കുന്നം, തൃശ്ശൂർ | **₹9,50,000/-** + GST | **L2** |

ടെൻഡറിൽ ഏറ്റവും കുറഞ്ഞ നിരക്ക് (L1) രേഖപ്പെടുത്തിയ ശ്രീ. മിജോയ് മാമു കോടഞ്ചേരിയുമായി തുക കുറയ്ക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗം നെഗോസിയേഷൻ നടത്തിയെങ്കിലും, ഇത് തങ്ങൾക്ക് സാധ്യമാകുന്ന ഏറ്റവും കുറഞ്ഞ നിരക്കാണെന്നും തുകയിൽ ഇളവ് വരുത്താൻ കഴിയില്ലെന്നും കരാറുകാരൻ 07/09/2026-ൽ അറിയിച്ചിട്ടുണ്ട്. കോർപ്പറേഷൻ ഓഫീസിലെ മൾട്ടിലെവൽ കാർ പാർക്കിംഗ് തടസ്സമില്ലാതെ സുഗമമായി പ്രവർത്തിപ്പിക്കുന്നതിന് AMC അത്യന്താപേക്ഷിതമായതിനാൽ, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. മിജോയ് മാമു കോടഞ്ചേരിക്ക് ₹8,80,000/- + GST തുകയ്ക്ക് 12 മാസത്തേക്ക് 'AMC CUM OPERATOR' കരാർ അംഗീകരിച്ച് നൽകുന്ന കാര്യം ബഹു. കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

32. **വിഷയം (ഫയൽ നമ്പർ - 1629038-2024)**

ഡിവിഷൻ 45 കാര്യാട്ടുകര തുരുത്ത് നെടുപുഴ ബണ്ട് റോഡ് നിർമ്മാണം പ്രവൃത്തിയിൽ നിന്നും കരാറുകാരനെ ഒഴിവാക്കുന്നത് സംബന്ധിച്ച്

**വിവരണം**

അയ്യന്തോൾ സോണൽ പരിധിയിൽ ഡിവിഷൻ 45 കാര്യാട്ടുകര തുരുത്ത് നെടുപുഴ ബണ്ട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പ്രോജക്റ്റ് നമ്പർ 698/2025 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതും തുടർന്ന് ടി പ്രവർത്തി നടത്തുന്നതിനായി JMJ Construction 242/ഇ.ഇ2/എൽ.എസ്.ജി.ഡി/24-25 തിയ്യതി 16/10/2024 നമ്പർ ആയി എഗ്രിമെന്റ് വച്ചിട്ടുള്ളതും 26/10/2024 തിയ്യതിയിൽ SHO (Site Hand Over) നൽകിയിട്ടുള്ളതുമാണ്. എഗ്രിമെന്റ് പ്രകാരം 25/05/2025 വരെയാണ് പൂർത്തീകരണ തിയ്യതി. തുടർന്ന് 30/06/2026 വരെ TOE പിഴ കൂടാതെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തിയ്ക്ക് ഫണ്ട് വകയിരുത്തിയിട്ടുള്ളത് ലോൺ ഫണ്ട് ആണ്. ഈ പാടശേഖരത്തിലൂടെ കടന്ന് പോകുന്ന ബണ്ട് പല തവണകളായി പൊട്ടിയിട്ടുള്ളതിനാൽ ടി പരിസരത്തുള്ള മൊത്തം കോൾപാടങ്ങളും 4 മീറ്ററോളം ഉയരത്തിൽ വെള്ളം നിറഞ്ഞ് കിടക്കുന്നതിനാൽ നാളിതുവരെയായി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കണമെന്നും കാണിച്ച് കരാറുകാരൻ സമർപ്പിച്ച അപേക്ഷയിൽ അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ, എക്സി. എഞ്ചിനീയർ എന്നിവർ പരിശോധിക്കുകയും ടി സ്ഥലത്ത് മാക്സിമം വാട്ടർ ലെവൽ ന് താഴെ ജലനിരപ്പ് ഇതുവരെ താഴാത്ത സാഹചര്യത്തിൽ ടി സൈറ്റിൽ പ്രവർത്തി ചെയ്യുന്നതിന് സാഹചര്യം ഇല്ലാത്തതാണ് എന്ന് റിപ്പോർട്ട് ചെയതിട്ടുള്ളതുമാണ്. ആയതിനാൽ ടി പ്രവർത്തിയിൽ നിന്നും കരാറുകാരനെ ഒഴിവാക്കുന്നവിഷയം കൌൺസിൽ പരിഗണനക്ക്

33. **വിഷയം (ഫയൽ നമ്പർ - 5230725-2026)**

PH7-തൃശൂർ കോർപറേഷന് - ആരോഗ്യ വിഭാഗം - ഹരിത കർമ്മ സേന ഉപയോഗിക്കുന്ന 20 ASHOK LEYLAND LTD ദോസ്ത് വാഹനങ്ങളുടെ ഇൻഷുറൻസ് തുക സെക്ഷൻ ക്ലർക്കിന് അനുവദിക്കുന്നതിതായി ബഹു മേയറുടെ 13/06/2026 തീയതിയിലെ മുൻകൂർ അനുമതി അംഗീകരിക്കുന്നത് സംബന്ധിച്ച

**വിവരണം**

തൃശ്ശൂർ കോർപ്പറേഷന് ഉടമസ്ഥതയിലുള്ളതും ഹരിതകർമ്മ സേന ഉപയോഗിക്കുന്നതുമായ 20 ASHOK LEYLAND LTD ദോസ്ത് വാഹനങ്ങളുടെ ഇൻഷുറൻസ് തുക 4,51,736/- രൂപ DISTRICT INSURANCE OFFICE ൽ അടവാക്കുന്നതിന് സെക്ഷൻ ക്ലർക്കിന്റെ പേരിൽ അനുവദിയ്ക്കുന്നതിയ്ക്കുന്നതിനുള്ള ബഹു മേയറുടെ 13/06/2026 ലെ മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയം ബഹു കൌൺസിൽ മുൻപാകെ

കുറിപ്പ് - ഇൻഷുറൻസ് ഓഫീസിൽ ചെക്ക് മുഖേന തുക ഒടുവാക്കാൻ സാധിക്കുകയില്ല എന്നും പണം മുഖേന അല്ലങ്കിൽ ഓൺലൈൻ ട്രാൻസാക്ഷൻ മുഖേന മാത്രമേ തുക ഒടുക്കുവാൻ സാധിക്കുകയുള്ളു എന്നും അറിയിച്ചതിനാൽ അക്കൗണ്ട്സ് സെക്ഷന്റെ നിർദേശം അനുസരിച്ചു സെക്ഷൻ ക്ലാർക്ക് ആയ - ശില്പ കെ എന്നവരുടെ പേരിലാണ് ചെക്ക് നൽകിയത്.

ചെക്ക് നമ്പർ 355259 - തിയതി 18/07/2026 -സൗത്ത് ഇന്ത്യൻ ബാങ്ക് അനുസരിച്ചു ശില്പ കെ എന്നവരുടെ ചെക്ക് നൽകുകയും ആയതു DISTRICT INSURANCE OFFICE ൽ 20/07/2026 തീയതിയിൽ അടവാക്കുകയും ചെയ്തു.

വാഹന വിവരങ്ങൾ ചുവടെ ചേർക്കുന്നു

| SL NO | VEHICLE NO | MAKE $ MODEL | RENEWAL DATE | AMOUNT |
|---|---|---|---|---|
| 1 | KL 08 CD 3042 | DOST | 20/07/2026 | 22494 |
| 2 | KL 08 CD 3046 | DOST | 20/07/2026 | 22494 |
| 3 | KL 08 CD 3067 | DOST | 20/07/2026 | 22494 |
| 4 | KL 08 CD 3096 | DOST | 20/07/02026 | 22494 |
| 5 | KL 08 CD 2969 | DOST | 20/07/2026 | 22494 |
| 6 | KL 08 CD 2808 | DOST | 20/07/2026 | 22494 |
| 7 | KL 08 CD 2943 | DOST | 20/07/2026 | 22494 |
| 8 | KL 08 CD 2105 | DOST | 20/07/2026 | 22494 |
| 9 | KL 08 CD 2993 | DOST | 20/07/2026 | 22494 |
| 10 | KL 08 CD 2892 | DOST | 20/07/2026 | 22494 |
| 11 | KL 08 CD 2941 | DOST | 20/07/2026 | 22494 |
| 12 | KL 08 CD 3133 | DOST | 20/07/2026 | 22494 |
| 13 | KL 08 CD 3144 | DOST | 20/07/2026 | 22494 |
| 14 | KL 08 CD 3126 | DOST | 20/07/2026 | 22494 |
| 15 | KL 08 CD 3195 | DOST | 20/07/2026 | 22494 |
| 16 | KL 08 CD 3162 | DOST | 20/07/2026 | 22494 |

| | | | | |
|---|---|---|---|---|
| 17 | KL 08 CC 9890 | DOST | 20/07/2026 | 24350 |
| 18 | KL 08 CC 9818 | DOST | 20/07/2026 | 22494 |
| 19 | KL 08 CD 2190 | DOST | 20/07/2026 | 22494 |
| 20 | KL 08 CD 2144 | DOST | 20/07/2026 | 22494 |
| | | | TOTAL | 451736/- |

34. **വിഷയം (ഫയൽ നമ്പർ - 2394940-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം -ശക്തൻ സ്റ്റാൻഡിലെ ആകാശപാത - ലിഫ്റ്റ് കെയർടേക്കർമാരുടെ സേവന കാലാവധി - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ സ്റ്റാൻഡിൽ സ്ഥാപിച്ചിട്ടുള്ള ആകാശപാതയിലേക്കുള്ള ലിഫ്റ്റ് സുഗമമായി പ്രവർത്തിപ്പിക്കുന്നതിനും, ആയത് പരിപാലിക്കുന്നതിനുമായി നിയമിച്ചിട്ടുള്ള കെയർടേക്കർമാരായ ശ്രീ.സമീഷ്.പി.എസ്, ശ്രീ.ജോബി.ഐ.ടി എന്നിവരുടെ സേവനകാലാവധി 29.09.2026 തീയ്യതി പൂർത്തിയാവുകയാണ്. ടിയാളുകളുടെ സേവനകാലാവധി പുതുക്കുന്ന വിഷയം ബഹു.കൗൺസിൽ മുമ്പാകെ.

കുറിപ്പ്

1).ബഹു.കൌൺസിലിന്റെ 27.07.2026 തീയ്യതിയിലെ 64-ാം നമ്പർ തീരുമാനപ്രകാരം ശ്രീ.സമീഷ് പി എസ്,ശ്രീ.ജോബി ഐ ടി എന്നീ ജീവനക്കാരുടെ സേവനകാലാവധി 01.08.2026 മുതൽ 60 ദിവസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു.

2)ടി ജീവനക്കാരെ താല്കാലികമായി നിയമിച്ച നടപടി സാധൂകരിച്ചു നൽകുന്നതിനായി ബഹു.സർക്കാരിലേക്ക് കത്ത് നൽകിയിട്ടുള്ളതാണ്. മറുപടി ലഭിച്ചിട്ടില്ലതതാണ്

35. **വിഷയം (ഫയൽ നമ്പർ - 4079755-2025)**

തൃശ്ശൂർ കോർപ്പറേഷൻ - കോർപ്പറേഷൻ നഗരകച്ചവട സമിതി യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും-സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ കൌൺസിൽ ഹാളിൽ 2026 ജൂലൈ 31, വൈകീട്ട് 2.00 PM നു ചേർന്ന കോർപ്പറേഷൻ നഗരകച്ചവട സമിതിയുടെ യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും ചുവടെ ചേർക്കുന്നു. ആയതു ബഹു,കൗണ്സിലിന്റെ അറിവിലേക്ക്

**ഹാജർ**

എം.എ ജോർജ്ജ് - തെരുവ് കച്ചവട പ്രതിനിധി

സരോജിനി തങ്കൻ - തെരുവ് കച്ചവട പ്രതിനിധി

ഉണ്ണികൃഷ്ണൻ ഇ.വി - തെരുവ് കച്ചവട പ്രതിനിധി

ടി.വി ശിവകുമാർ - തെരുവ് കച്ചവട പ്രതിനിധി

ഷാജഹാൻ കെ എ - തെരുവ് കച്ചവട പ്രതിനിധി

സമോഷ് വി എസ് - തെരുവ് കച്ചവട പ്രതിനിധി

സബിത അഭിലാഷ് - തെരുവ് കച്ചവട പ്രതിനിധി
ഐ.എ റപ്പായി - റെസിഡൻസ് അസോസിയേഷൻ പ്രതിനിധി
ബിജു ജോസ് കെ - തെരുവ് കച്ചവട പ്രതിനിധി
സജി എസ്.എസ് - അഡിഷണൽ സെക്രട്ടറി, തൃശൂർ കോർപ്പറേഷൻ
പ്രവീൺ കുമാർ - സ്പെഷ്യൽ തഹസിൽദാർ, താലൂക്ക് ഓഫീസ്, തൃശൂർ
ഷൈബി ജോർജ് - സൂപ്രണ്ടിങ് എഞ്ചിനീയർ, തൃശൂർ കോർപ്പറേഷൻ
ജേക്കബ് പുലിക്കോട്ടിൽ - ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ, തൃശൂർ കോർപ്പറേഷൻ
ടി.ആർ. സന്തോഷ് - പൊതുമരാമത്തു സ്ഥിരം സമിതി അധ്യക്ഷൻ,

1. വിഷയം- -ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തൃശൂർ 03-07-2026 തിയ്യതിയിലെ LSGD/JD/TSR/4335/2026-ആ2 നമ്പർ കത്ത്

യോഗ തീരുമാനം - ടി വിഷയം യോഗം ചർച്ച ചെയ്യുകയും വെൻഡിങ് സോണുകൾ വിജ്ഞാപനം ചെയ്യുക, അർഹരായ തെരുവ് കച്ചവടക്കാർക്ക് വെൻഡിങ് സർട്ടിഫിക്കറ്റ് നൽകുക, അനധികൃത തെരുവ് കച്ചവടം തടയുക എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, തെരുവ് കച്ചവട ബൈലാ ബഹു കോർപറേഷൻ കൗൺസിൽ അംഗീകരിക്കുന്ന മുറക്ക് നടപ്പിലാക്കൽ

2. വിഷയം - തെരുവ് കച്ചവട ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികളെ ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്നത് സംബന്ധിച്ച അപേക്ഷകളുടെ തുടർനടപടി

യോഗ തീരുമാനം - ടി വിഷയം യോഗം ചർച്ചചെയ്യുകയും, അപേക്ഷകരുടെ ലിസ്റ്റ് അടുത്ത നഗരകച്ചവട സമിതിയിൽ അജണ്ടയായി ഉൾപ്പെടുത്തുവാനും, കമ്മിറ്റിയുടെ അംഗീകാരത്തോടെ ടി ലിസ്റ്റ് ബഹു,കൗൺസിലിലേക്കു സമർപ്പിക്കുവാനും യോഗം തീരുമാനിച്ചു.

3. വിഷയം - ശ്രീ മോഹൻദാസ് ടി.വി നൽകിയ അപേക്ഷ പരിഗണിക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറിക്ക് ബഹു. ഹൈക്കോടതിയുടെ 6-01-2026ലെ WPC No 11987/2022 നിർദ്ദേശം.

യോഗ തീരുമാനം - ബഹു. ഹൈക്കോടതിയുടെ 6-01-2026ലെ WPC No 11987/2022 നിർദ്ദേശ പ്രകാരം അന്യായക്കാരനെ കേൾക്കുവാനും തുടർന്ന് അപേക്ഷ നിയമാനുസൃതമായി പരിഗണിച്ച്, ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിച്ച് സമയബന്ധിതമായി തീരുമാനം എടുക്കുവാനും കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ യോഗം തീരുമാനിച്ചു.

4. വിഷയം- വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വഴിയോര കച്ചവട യൂണിയൻ നൽകിയ കത്ത്

യോഗ തീരുമാനം - വഴിയോര കച്ചവട തൊഴിലാളി യൂണിയൻ , തൃശ്ശൂർ ജില്ലാ കമ്മിറ്റി തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകിയ ഈ കത്തിൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങൾ ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷിനേതാക്കൾ, ഉദാഗസ്ഥർ എന്നിവർ ചേർന്നു ചർച്ച ചെയ്തു തീരുമാനം എടുക്കുവാനും, ടി തീരുമാനം നഗര കച്ചവട സമിതിയെ അറിയിക്കുവാനും, യോഗം തീരുമാനിച്ചു.

5. വിഷയം - തെരുവുകച്ചവട സർവ്വേ ലിസ്റ്റിൽ ഉൾപ്പെടുകയും, ഐ ഡി കാർഡ് ലഭിക്കുകയും ചെയ്ത കൂർക്കഞ്ചേരി-വലിയാലുക്കൽ-കണിമംഗലം പാടം വരെയുള്ള റോഡിൻറെ ഇരു വശങ്ങളിലായി കച്ചവടം നടത്തുന്നവരുടെ കച്ചവടങ്ങൾ ഒഴിപ്പിക്കുന്നതിനായി ഇൻസ്പെക്ടർ, നെടുപുഴ പോലീസ് സ്റ്റേഷൻ നൽകിയ കത്ത്

യോഗ തീരുമാനം - കൂർക്കഞ്ചേരി-വലിയാലുക്കൽ -കണിമംഗലം പാടം വരെയുള്ള റോഡിൻറെ ഇരു വശങ്ങളിലായി കച്ചവടം നടത്തുന്നവരുടെ കച്ചവടങ്ങൾ ഗതാഗതത്തിനും പൊതുജനങ്ങളുടെ സുരക്ഷിതമായ സഞ്ചാരത്തിനും ഗുരുതരമായ

തടസ്സം സൃഷ്ടിക്കുന്നതായി ഇൻസ്പെക്ടർ, നെടുപുഴ പോലീസ് സ്റ്റേഷൻ നൽകിയ കത്ത് യോഗം ചർച്ച ചെയ്യുകയും, മേൽ വിഷയത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ കോർപ്പറേഷൻ ആരോഗ്യവിഭാഗത്തെ ചുമതലപെടുത്തുവാൻ യോഗം തീരുമാനിച്ചു.

6. വിഷയം - ശ്രീ.മഹേഷ് .എം.ആർ. നന്ദി റോഡ് വെള്ളാനി തൃശ്ശൂർ ജില്ല എന്നവരുടെ അപേക്ഷയിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു ജില്ലാ കളക്ടറുടെ 15-06-2026 തിയ്യതിയിലെ DCTSR/702/2025-PGR 1 നമ്പർ കത്ത്

യോഗ തീരുമാനം- ഉപജീവന മാർഗമായി ഒരു ബങ്ക് (കച്ചവട സ്റ്റാൾ) അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു ജില്ലാ കളക്ടർക്കു ശ്രീ.മഹേഷ് .എം.ആർ. നൽകിയ അപേക്ഷ യോഗം പരിഗണിക്കുകയും, ബങ്ക് അനുവദിക്കുവാൻ നഗര കച്ചവട സമിതിക്കു കഴിയാത്തതിനാൽ, പ്രസ്തുത വിവരം ചൂണ്ടിക്കാട്ടി ബഹു ജില്ലാ കളക്ടർക്കും, ശ്രീ.മഹേഷ് .എം.ആർ എന്നവർക്കും കത്ത് അയക്കുവാൻ യോഗം തീരുമാനിച്ചു.

36. **വിഷയം (ഫയൽ നമ്പർ - 206511-2025)**

തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യ വിഭാഗം- പി എച്ച് 5 - വിദ്യാലയങ്ങളിലും കോളേജുകളിലും മൃഗാവകാശ-മൃഗക്ഷേമ വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച്.

**വിവരണം**

**സൂചന:**

- Animal Welfare Board of India-യിലെ മെമ്പറായ ഡോ. ഗിരീഷ് ഷാ സമർപ്പിച്ച കത്ത്.
- 29/04/2025 തീയതിയിൽ ചേർന്ന ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം.

ഡോ: ഗിരീഷ്ഷാ സമർപ്പിച്ച കത്തിലൂടെ ബെംഗളൂരു ബ്രുഹത് ബെംഗളൂരു മഹാനഗര പാലിക (BBMP) ചീഫ് കമ്മീഷണർ ശ്രീ തുഷാർ ഗിരിനാഥ്, IAS-ന്റെ നേതൃത്വത്തിൽ സ്കൂളുകളിലും കോളേജുകളിലും മൃഗാവകാശ വിദ്യാഭ്യാസം നടപ്പിലാക്കിയ മാതൃക ചൂണ്ടിക്കാട്ടി, തൃശൂർ കോർപ്പറേഷൻ പരിധിയിലും സമാന പദ്ധതി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികളിൽ മൃഗങ്ങളോടുള്ള കരുണ, സഹാനുഭൂതി, മൃഗക്ഷേമ അവബോധം എന്നിവ വളർത്തുന്നതിനൊപ്പം മൃഗങ്ങളുടെ സ്വഭാവം മനസ്സിലാക്കൽ, മൃഗങ്ങളെയും അവയുടെ ആവാസവ്യവസ്ഥയെയും മാനിക്കൽ, മനുഷ്യ-മൃഗ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷിത ഇടപെടൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണവും ലക്ഷ്യമിടുന്നു. കൂടാതെ Animal Birth Control (ABC) Rules, 2023-നോട് അനുബന്ധിച്ചുള്ള മാനുഷികമായ തെരുവ് മൃഗ പരിപാലന പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി സഹായകരമാകുമെന്നാണ് അപേക്ഷകന്റെ അഭിപ്രായം.**29/04/2025 തീയതിയിൽ ചേർന്ന ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.**

37. **വിഷയം (ഫയൽ നമ്പർ - 663000-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേൻ -നഗരാസൂത്രണം വിഭാഗം - ശ്രീ .എ .എൽ .ജോണി,അറയ്ക്കപ്പാടൻ വീട്, എന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ചിയ്യാരം വില്ലേജ് സർവ്വേ നമ്പർ 380/1 ൽ ഉൾപ്പെടുന്ന 0.0121 ആർ (2.99 സെന്റ്) ഭൂമി പതിച്ചു കിട്ടുന്നതിനായി ശ്രീ.എ.എൽ.ജോണി , എന്നവർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത ഭൂമി വില്ലേജ് രേഖകൾ പ്രകാരം കുളം പുറമ്പോക്ക് ആണെന്നും ആയത് കോർപ്പറേഷന്റെ അധീനതയിലാണ് വരുന്നതെന്നും ടി ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തൃശ്ശൂർ തഹസിൽദാറുടെ കത്ത് ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**കുറിപ്പ് :-**

1.തൃശ്ശൂർ തഹസിൽദാരുടെ 19.02.2024 ലെ TLKTSR/1298/2024-C4 നമ്പർ കത്ത് പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥലത്ത് 38 sqm ഏരിയ വരുന്ന ഓട് വീടുള്ളതും സ്വകാര്യ ആവശ്യത്തിനുള്ള കിണറും ടോയലെറ്റും ടി സ്ഥലത്തിന് ചുറ്റും നാലു വശവും സ്ളാമ്പ് മതിൽ നിർമിച്ചതായി കാണന്നുണ്ടെന്നും റെസിഡൻഷ്യൽ ബിൽഡിങ്ങിൽ നിന്നും മിനിമം സെറ്റ് ബാക്കുകൾ ലഭ്യമാകുന്ന തരത്തിൽ ഒതുങ്ങുന്നതാണെന്നും, ഏകദേശം 30 വർഷമായി അപേക്ഷകനും കുടുംബവും ടി സ്ഥലത്ത് താമസിച്ചു വരുന്നതുമാണ് . അംഗീകൃത അമൃത് മാസ്റ്റർ പ്ലാൻ പ്രകാരം ടി സ്ഥലം റെസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നുണ്ടെന്നും ടി സ്ഥലത്തിന് വടക്കു ഭാഗത്തായി 3.5 മീറ്റർ വീതിയുള്ള ടാറിട്ട കോർപ്പറേഷൻ റോഡ് കാണുന്നുണ്ടെന്നും മാസ്റ്റർ പ്ലാൻ പ്രകാരം ടി റോഡിനു വൈഡനിങ്ങ് ബാധകമല്ലെന്നും മറ്റു വികസന പ്രവർത്തനങ്ങൾക്ക് ടി ഭൂമി ബാധകമാകില്ലെന്നും എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സ്ഥലപരിശോധന നടത്തി ടി വിഷയം ബഹു.കൗൺസിലേക്ക് സമർപ്പിക്കുന്നതിന് 30/10/2025 ലെ ബഹു.നഗരാസൂത്രണകാര്യ കമ്മിറ്റിയുടെ 5-ാം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്

38. **വിഷയം (ഫയൽ നമ്പർ - 835460-2025)**

തൃശ്ശൂർ കോർപറേഷൻ - പ്രൊജക്റ്റ് നം : 1446/25-26 " മാറ്റാമ്പുറം പൊള്ളയ്ക്കൽ മേപ്പാടം വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തീകരിക്കൽ " - റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷൻ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോ: നം : 1446/25-26 " മാറ്റാമ്പുറം പൊള്ളയ്ക്കൽ മേപ്പാടം വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തീകരിക്കൽ" എന്ന പ്രവൃത്തിയുടെ ടെൻഡർ, റീടെൻഡർ, കൊട്ടേഷൻ, റീ-കൊട്ടേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ് എങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ലാത്തതാണ്. ടി പ്രവൃത്തിക്കു പ്രൊജക്റ്റ് നമ്പർ 1446/26 പ്രകാരം **29,50,000/-** രൂപ തനത്ഫണ്ട് വകയിരുത്തിയിട്ടുള്ളതാണ്. DSR 2018 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് ആയതിനാൽ 10% TENDER EXCESS ഉൾപ്പെടെ നൽകുന്നതിനുള്ള തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട്.

നിലവിൽ കരാറുകാർ ആരും തന്നെ പ്രവൃത്തി ചെയ്യാൻ തയ്യാറാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. നിരവധി കരാറുകാരോട് പ്രവൃത്തി ടെൻഡറിൽ പങ്കെടുക്കാൻ അറിയിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. പദ്ധതി ആരും ഏറ്റെടുക്കുവാൻ തയ്യാറാകാത്ത സാഹചര്യം ആണ് നിലവിലുള്ളത്.

പദ്ധതി ആരും ഏറ്റെടുക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രൊജക്ട് നടപ്പിലാക്കാതെ കിടക്കുന്നതിനാൽ പദ്ധതി ക്യാൻസൽ ചെയ്യുന്ന വിഷയം നിയമാനുസൃതം കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് 18.07.2026 ലെ 1 നമ്പർ പ്രകാരം മരാമത്ത് കാര്യ സ്റ്റാന്റിങ് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതാണ്.
മേൽ സാഹചര്യത്തിൽ ടി പദ്ധതി ക്യാൻസൽ ചെയ്യുന്ന വിഷയം ബഹു കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു

39. **വിഷയം (ഫയൽ നമ്പർ - 2352804-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-അയ്യന്തോൾ സോണലിലെ 55-ാം ഡിവിഷൻ പുതൂർക്കരയിലെ അയ്യന്തോൾ കർഷക നഗർ ഗ്രൗണ്ടിൽ സ്വച്ച് ഭാരത് ശുചിത്വ മിഷൻ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് Construction oftoilet at Ayyanthol Ground എന്ന പ്രവൃത്തി റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-അയ്യന്തോൾ സോണലിലെ 55-ാം ഡിവിഷൻ പുതൂർക്കരയിലെ അയ്യന്തോൾ കർഷക നഗർ ഗ്രൗണ്ടിൽ സ്വച്ച് ഭാരത് ശുചിത്വ മിഷൻ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് Construction of toilet at Ayyanthol Ground എന്ന പ്രവൃത്തിക്ക് ശ്രീവത്സൻ എന്ന കരാറുകാരൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് മണ്ണ് മാറ്റി സ്കെച്ച് ഇട്ടതിനുശേഷം ചില രാഷ്ട്രീയ പാർട്ടിക്കാർ പണിയാൻ അനുവദിക്കുകയില്ല എന്നും തടയും എന്നും ഭീഷണി പ്പെടുത്തുകയും അയൽ വാസി യായ സെബി വി പി എന്നവർ അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തതിനാൽ ടി പ്രവൃത്തി അയ്യന്തോൾ കർഷക നഗറിൽ ഗ്രൗണ്ടിൽ നടപ്പിലാക്കാൻ താല്പര്യമില്ല എന്നും പദ്ധതി റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ട് ഡിവിഷൻ കൗൺസിലർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വിഷയം ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.
കുറിപ്പ്
**Project No: 2026/25,**
**AS amount 20,00,**000.00
**TS accorded as per TS no:** 44000/2024-2025, dtd: 28.11.24 for RS.2000000/-
**contractor –** K.V.SREEVALSAN
**Quoted amount –** 1485908/-
**Tender acceptance –** CR NO.19 dtd.28.12.24.
**Agreement no: . 381/EE2/LSGD/2024-25 DTD.29.1.25,**

40. **വിഷയം (ഫയൽ നമ്പർ - 3200137-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം - അമൃത് പദ്ധതിയിൽ കുടിവെള്ള കണക്ഷൻ അനുവദിക്കുന്നത് - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സൌജന്യ ഗാർഹിക കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനായി താഴെ ചേർക്കുന്ന ഡിവിഷനുകളിലെ കൌൺസിലർമാർ ബന്ധപ്പെട്ട ഡിവിഷനുകളിലെ കുടിവെള്ള കണക്ഷൻ

ആവശ്യമായവരുടെ പേരും, മേൽ വിലാസവും ഉൾപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് ബഹു.കൌൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

1) ശ്രീ.കൃഷ്ണമോഹൻ,എ.വി - ഡിവിഷൻ - 3 (2 പേരുടെ ലിസ്റ്റ്)

2)ശ്രീമതി.സിസ്ഡു തൈക്കാടൻ - ഡിവിഷൻ - 8 ( 3 പേരുടെ ലിസ്റ്റ്)

41. **വിഷയം (ഫയൽ നമ്പർ - 5645342-2026)**

തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ എത്തുന്ന ഭിന്നശേഷിക്കാരായ പൊതുജനങ്ങൾക്ക് സുഗമമായ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനായി പ്രത്യേക 'ദിവ്യാംഗൻ പാർക്കിംഗ് സ്പേസ്' അനുവദിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി ദിനംപ്രതി എത്തുന്ന ഭിന്നശേഷിക്കാരായ പൊതുജനങ്ങൾക്ക് തടസ്സമില്ലാത്തതും സുഗമവുമായ സേവനങ്ങൾ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഭിന്നശേഷിക്കാർക്ക് ഓഫീസിലേക്ക് എളുപ്പത്തിൽ പ്രവേശിക്കുന്നതിനായി നിലവിലെ ലിഫ്റ്റിന് സമീപമുള്ള പാർക്കിംഗ് ഏരിയയിൽ ആവശ്യമായ പുനഃക്രമീകരണങ്ങൾ വരുത്തേണ്ടതുണ്ട്. നിലവിൽ ലിഫ്റ്റിനോട് ചേർന്ന് റാമ്പ് നിർമ്മിച്ചിട്ടുള്ളതിനാൽ പുതുതായി റാമ്പ് നിർമ്മിക്കേണ്ടതില്ല. എന്നാൽ, ഈ പ്രദേശം ഭിന്നശേഷിക്കാർക്കായി മാത്രമുള്ള പ്രത്യേക 'ദിവ്യാംഗൻ പാർക്കിംഗ് സ്പേസ്" ആയി മാറ്റുമ്പോൾ നിലവിൽ അവിടെ നിലനിൽക്കുന്ന ബൈക്ക് പാർക്കിങ്, കൗൺസിലർ പാർക്കിങ് എന്നിവ മാറ്റി സ്ഥാപിക്കേണ്ടതായി വരുന്നുണ്ട്.കൂടാതെ, ഇരുചക്ര, മുച്ചക്ര, നാല് ചക്ര വാഹനങ്ങളിൽ എത്തുന്ന ദിവ്യാംഗരായ സന്ദർശകരെ ഈ പാർക്കിംഗ് സ്പേസ് കൃത്യമായി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സെക്യൂരിറ്റി ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമുണ്ട്.ഇതുമായി ബന്ധപ്പെട്ട്, 18-07-2026 തീയതിയിൽ ചേർന്ന മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സാധാരണ യോഗത്തിൽ (തീരുമാനം നമ്പർ: 20), ലിഫ്റ്റിന് സമീപമുള്ള പാർക്കിംഗ് ഏരിയയിൽ ആവശ്യമായ പുനർക്രമീകരണങ്ങൾ നടത്തുന്നത് സംബന്ധിച്ച വിഷയം കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്.ആയതിനാൽ, തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ ഭിന്നശേഷിക്കാർക്കായി 'ദിവ്യാംഗൻ പാർക്കിംഗ് സ്പേസ്" പുനഃക്രമീകരിച്ചു നൽകുന്ന വിഷയത്തിൽ തീരുമാനത്തിന് ബഹു.കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു

42. **വിഷയം (ഫയൽ നമ്പർ - 2111507-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - മരാമത് വിഭാഗം - ഡിവിഷൻ 42 ലെ SN കോളനി PHC കോമ്പൗണ്ടിൽ ടോയ്‌ലറ്റ് നിർമ്മിക്കലും ഷീറ്റ് മേയലും PROJ NO -2163/2024 പദ്ധതി ക്യാൻസൽ ചെയ്യുന്നത് -സംബന്ധിച്ച്

**വിവരണം**

ഡിവിഷൻ 42 ലെ SN കോളനി PHC കോമ്പൗണ്ടിൽ ടോയ്‌ലറ്റ്നിർമ്മിക്കലും ഷീറ്റ്മേയലും PROJ NO -2163/2024 (കരാറുകാരന്റെ പേര് -ജോബിൻപോൾ , പ്രൊജക്റ്റ് തുക - AS amount -10,00,000/- ,TS AMOUNT -8,00,000/- ഫണ്ട്-LOAN FUND -എഗ്രിമെന്റ് തീയതി-16/EE2/LSGD/2025-26/ DT -05/04/2025)പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ പ്രൊജക്റ്റ്ക്യാൻസൽ ചെയ്തു കെട്ടിവച്ച തുകകൾ തിരികെ

നൽകണമെന്ന് കരാറുകാരൻ ജോബിൻപോൾ .പി അപേക്ഷിച്ചിട്ടുണ്ട്. DIVI42 ലെ SN കോളനിയിൽ സ്ഥിതിചെയ്യുന്ന PHCകോമ്പൗണ്ടിൽ ടോയ്‌ലറ്റ് , സെപ്റ്റിക്ടാങ്ക്, ,ഷീറ്റ്റൂഫിംഗ് എന്നിവയ്ക്കാണ് എസ്റ്റിമേറ്റ്തയ്യാറാക്കിയിരുന്നത്.
42.30 M2 സ്ഥലത്തു സ്ഥിതി ചെയ്യു ന്ന കെട്ടിട കോമ്പൗണ്ടിൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കിണർ ഉള്ളതിനാൽ സെപ്റ്റിക്ടാങ്ക്പണിയുന്നതിന്കിണറിൽ നിന്നും ആവശ്യമായ 7.5 M ദൂര പരിധി ലഭിക്കാത്തതിനാൽ പ്രവർത്തി നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നും PHC സബ് സെന്റർ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതായും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയതിനാൽ ടി പദ്ധതി ക്യാൻസൽ ചെയ്യുന്ന വിഷയം ഉചിതമായ തീരുമാനത്തിന് ബഹു കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നതിന് ബഹു പൊതു മരാമത്തു സ്ഥിരം സമിതി 18/07/2026 ലെ 14 നമ്പർ പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. വിഷയം ബഹു കൗൺസിലിന്റെ പരിഗണനയ്ക്കായി .

43. **വിഷയം (ഫയൽ നമ്പർ - 1100069-2026)**

ഇഡി1 -2644/26 - എച്ച് ഡി പി ഇ പൈപ് : 500 മീറ്റർ - തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലേക്ക് എച്ച് ഡി പി ഇ പൈപ്പ് വാങ്ങുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലേക്ക് RDSS പ്രോജക്ടിന്റെ ഭാഗമായി അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്ന അവസരത്തിൽ സ്ഥാപനങ്ങളുടെ പ്രവേശനകവാടം കുഴിയെടുത്ത് ഉടൻ തന്നെ മൂടുന്നതിന്റെ ആവശകതയിലേക്ക് എച്ച് ഡി പി ഇ പൈപ്പ് - 500 മീറ്റർ വാങ്ങേണ്ടതായിട്ടുണ്ട്. ആയതിലേക്ക് തയ്യാറാക്കിയ അടങ്കൽ പ്രകാരം ജി.സ്.റ്റി ഉൾപ്പടെ RS 262000/- (രണ്ടു ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ )വിലയായി പ്രതീക്ഷിക്കുന്നു . ടി അടങ്കൽ തുകയുടെ അംഗീകാരത്തിനും ദർഘാസ് നടപടികൾ സ്വീകരിക്കുന്നതിന്നുള്ള അനുമതിക്കുമായി ബഹു. കൌൺസിൽ മുൻപാകെ സമർപിക്കുന്നു

കുറിപ്പ്

1. ആയതിന്റെ അടങ്കലും ടെക്നിക്കൽ സ്പെസിഫിക്കേഷനും അജണ്ടയോടൊപ്പം ചേർക്കുന്നു
2. 27/6/2026 തിയ്യതിയിലെ ബഹു. പൊതു മരാമത്ത്കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4 നമ്പർ തീരുമാനപ്രകാരം അടങ്കൽ തുകയുടെ അംഗീ കാരത്തിനും ദർഘാസ് നടപടികൾ സ്വീകരിക്കുന്നതിന്നുള്ള നടപടിക ൾക്കുമായി ബഹു കൌൺസിൽലേക്ക് ശുപാർശ ചെയ്യുന്നത്തിന് തിരുമാനിച്ചിട്ടുള്ളത്താണ്

44. **വിഷയം (ഫയൽ നമ്പർ - 6268641-2026)**

തൃശൂർ മുനിസിപ്പൽ കോർപറേഷൻ-കുടുംബശ്രീ വിഭാഗം -സാമ്പതിക മാ യി ബുദ്ധിമുട്ടുള്ള കുട്ടികളുടെ പഠനത്തിനും വയോജനങ്ങളുടെ സാമ്പത്തിക സംരക്ഷണത്തിനും തയ്യാറാണെന്നു കാണിച്ച് സമഡപ്പിച്ച താത്പര്യപത്രം സംബന്ധിച്ച്

**വിവരണം**

നഗരത്തിലെ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുട്ടികളെ ഏറ്റെടുത്തു അവരുടെ വിദ്യഭ്യാസത്തിനും ട്രെയിനിങ്ങിനും .പ്രായമായ പിന്നോക്കം നിൽക്കുന്ന

വയോജനങ്ങളെയും സാമ്പത്തികമായി സംരക്ഷിക്കുന്നതിനും തയ്യാറാണെന്ന് കാണിച്ചു ജപ്പാൻ -അമേരിക്കൻ വംശജയായ Mrs.Khadija Shiza Muhimtule.The Nihon Islam Bunka Center (Japan Islamic Trust) 3 Chome-42-7 Minamiotsuka.Thoshima City. Tokyo .Japan എന്നവർ ഇ മെയിൽ മുഖാന്തിരം അറിയിച്ചിട്ടുണ്ട് വിഷയം ബഹു.കൗൺസിലിന്റെ പരിഗണനയ്ക്കായി

കുറിപ്പ്:-ബഹു.ക്ഷേമ കാര്യ കമ്മിറ്റിയുടെ 20/08/2026 ലെ 12-ആം നമ്പർ തീരുമാന പ്രകാരം ബഹു.കൗൺസിലിലേക്കു ശുപാർശ ചെയ്തിട്ടുണ്ട്

45. **വിഷയം (ഫയൽ നമ്പർ - 4840456-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - KL 08 CG 2795 - (MARUTI SUZUKI - WAGONR) എന്ന നമ്പർ വാഹനം കരാർ വ്യവസ്ഥയിൽ വിൽവട്ടം സോണൽ ഓഫീസിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ടെണ്ടർ അടിസ്ഥാനത്തിൽ എഗ്രിമെന്റെ വയ്ക്കുന്നതിനു - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - എഞ്ചിനീയറിങ് വിഭാഗത്തിലേക്ക് **(വിൽവട്ടം സോണൽ)** കരാർ വ്യവസ്ഥയിൽ സർവീസ് നടത്തിയ **KL 08 CB 0504 ( ശ്രീ.സാദിഖ് ഷംസുദ്ധീൻ - MARUTI SUZUKI - SWIFT DZIRE)** എന്ന നമ്പർ വാഹനത്തിന്റെ എഗ്രിമെന്റെ കാലാവധി **02/07/2026** അവസാനിച്ചിട്ടുള്ളതാണ് .നിലവിൽ വാഹനം അന്ത്യാന്താപേക്ഷിതമാണ് എന്ന് എഞ്ചിനീയറിംഗ് വിഭാഗം അറിയിക്കുകയും അതനുസരിച്ച് വാടകയ്ക്ക് വാഹനം എടുക്കുന്നതിന് **19.06.2026** തിയ്യതിൽ ടെണ്ടർ ക്ഷണിക്കുകയും ,മൂന്ന് പേർ പങ്കെടുക്കുകയും ചെയ്തു .ആയതിൽ **ശ്രീ.ടി.സോണി ജോണി(L1)** എന്ന വ്യക്തി പ്രതിമാസം **32,000/-** രൂപ എന്ന നിരക്കും, **ശ്രീ.സാദിഖ് ഷംസുദ്ധീൻ (L2)** എന്ന വ്യക്തി പ്രതിമാസം **34,600/-** രൂപ എന്ന നിരക്കും, 3.**ശ്രീ.നൈസി വർഗീസ്(L3)** എന്ന വ്യക്തി പ്രതിമാസം **34,990/-** രൂപ എന്ന നിരക്കുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എഞ്ചീനീയറിംഗ് വിഭാഗം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ **ശ്രീ.ടി.സോണി ജോണി** എന്നവരുടെ **(32000/MONTH)** ടെണ്ടർ അംഗീകരിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എൻജിനീയറിങ് വിഭാഗത്തിനു ഓഫീസ് പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിനായി വാഹനം ആവശ്യമായതിനാൽ ബഹു.മേയർ **06/07/2026** തീയതിയിലെ മുൻകൂർ അനുമതിയോടെ **ശ്രീ.സോണി ജോണി.ടി ,** തൈക്കാട്ടിൽ വീട് , പൂത്തോൾ പി ഒ, തൃശ്ശൂർ **(Agreement No.03/OWN/EE2/LSGD/2026-27 DATE 07/07/2026 Amt.32000/- KL 08 CG 2795 MARUTI SUZUKI - WAGONR)** - എന്നവർക്ക് **07/07/2026** തീയതി മുതൽ ഒരു വർഷത്തേക്ക് ടെണ്ടർ അടിസ്ഥാനത്തിൽ കരാർ കാലാവധി നൽകിയിട്ടുണ്ട്. ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് ബഹു.കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു

46. **വിഷയം (ഫയൽ നമ്പർ - 95222-2025)**

തൃശ്ശൂർ കോർപ്പറേഷൻ - റവന്യൂ വിഭാഗം - കച്ചവടമാറ്റത്തിന് അനുമതി നൽകുന്നത്-സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷൻ വക എ.എം.പരമൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 1 ന്റെ ലൈസൻസിയായ ലിന്റോ ആന്റണി ചായ കാപ്പി, സ്നാക്ക്സ് കൂടി കച്ചവടം

നടത്തുന്നതിന് അനുമതി നൽകണമെന്ന് കാണിച്ച് സമർപ്പിച്ച അപേക്ഷ ബഹു. കൗൺസിൽ പരിഗണനക്ക്.

കുറിപ്പ്

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4/2/2025 തീയ്യതിയിലെ 70 നമ്പർ തീരുമാനപ്രകാരം ഹെൽത്ത് വിഭാഗത്തിന്റെ റിപ്പോർട്ട് സഹിതം കച്ചവടമാറ്റ ഫീസ് 5000/- രൂപ ഈടാക്കി നിയമാനുസൃതം അനുവദിക്കുന്ന വിഷയം കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

2) മലിനജല സംസ്കരണത്തിന് പിറ്റ് നിർമ്മിച്ചിട്ടുള്ളതാണെന്നും , ചായ, കാപ്പി, സ്നാക്ക്സ് കൂടി വ്യാപാരം നടത്തുന്നതിന് അനുമതി നൽകാവുന്നതാണെന്നും ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) നിയമാനുസൃത ഫീസ് ഈടാക്കി കച്ചവടമാറ്റം അനുവദിക്കാവുന്നതാണെന്ന് RI റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) നിലവിലെ വ്യാപാരം ഡിമാൻഡ് രജിസ്റ്റർ പ്രകാരം സ്റ്റേഷനറി & ബേക്കറി ആണ്. വാടക കുടിശ്ശിക ഇല്ല.

47. **വിഷയം (ഫയൽ നമ്പർ - 5582637-2026)**

തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം (R13)- 2/177/15 ആം നമ്പർ കടമുറി ലേലം / ടെണ്ടർ മുഖേന എടുത്ത വ്യക്തി മരണപ്പെട്ടതിനാൽ ടിയാളുടെ ഭർത്താവിന് കടമുറി അനുവദിക്കുന്നത് സംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം സംബന്ധിച്ച് .

**വിവരണം**

തൃശൂർ കോർപ്പറേഷൻ വക ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് 12/177/15 നമ്പർ മുറി ശ്രീമതി. ലൌലി സേവ്യർ, അരിമ്പൂർ ഹൗസ് ,ചേരൂർ .പി.ഒ ,കണിമംഗലം എന്ന വ്യക്തി മരണപ്പെട്ടതിനാൽ ടി കടമുറി ടിയാളുടെ ഭർത്താവായ ശ്രീ .സേവ്യർ. എ.ജി ,അരിമ്പൂർ ഹൗസ് ,ചെവ്വൂർ എന്നവർക്ക് അനുവദിച്ച് തരണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പ്രകാരം 12/177/15 നമ്പർ മുറി 14.09.23 ലെ ടെണ്ടർ /ലേലം നടന്നിട്ടുള്ളതും 24.8.23 ലെ 39ആം നമ്പർ കൌൺസിൽ തീരുമാനപ്രകാരം ശ്രീമതി. ലൌലി സേവ്യർ, അരിമ്പൂർ ഹൗസ് ,ചേരൂർ.പി.ഒ ,കണിമംഗലം എന്നവർക്ക് അനുവദിച്ച് 14.10.24 പ്രകാരം ഉത്തരവ് നല്കിയിട്ടുള്ളതാണ് .എന്നാൽ നാളിതുവരെയായി കക്ഷി ഡെപ്പോസിറ്റ് സംഖ്യ നഗരസഭയിൽ ഒടുക്കുകയോ ,കരാർ പത്രം സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ 01.06.26 പ്രകാരം ഒരു ഉത്തരവ് കൂടിയും 02.07.26 പ്രകാരം ഒരു നോട്ടീസും നല്കിയിട്ടുള്ളതാണ് . ഇതിൽ 01.06.26 നു നൽകിയ ഉത്തരവിന് മറുപടിയായി തന്റെ ഭാര്യ ശ്രീമതി .ലൌലി സേവ്യർ രോഗബാധിതയായി മരണപ്പെട്ടതിനാൽ പ്രസ്തുത ഷോപ്പ് റൂം ഭർത്താവായ തന്റെ പേരിലേക്ക് മാറ്റി നൽകുന്നതിനു ശ്രീ.സേവ്യർ. എ.ജി ,അരിമ്പൂർ ഹൗസ് ,ചെവ്വൂർ എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് നഗരസഭ ഷോപ്പിംഗ് കോമ്പ്ലക്സുകളിലെ റൂമുകൾ ലൈസൻസിന് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളിലെ 19 പ്രകാരം നിശ്ചിത കാലാവധിക്കുള്ളിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ നിയമാനുസൃതമുള്ള അനന്തരാവകാശിക്ക് അയാളുടെ അപേക്ഷ ലഭിക്കുന്ന പക്ഷം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കൌൺസിൽ ലൈസൻസ് കൈമാറ്റം ചെയ്തു കൊടുക്കുന്നതും ഇപ്രകാരമുള്ള അപേക്ഷകൾ ലൈസൻസി മരണപ്പെട്ട തിയതി മുതൽ 60 ദിവസങ്ങൾക്കകം മുനിസിപ്പൽ സെക്രട്ടറിക്ക് ലഭിച്ചിരിക്കേണ്ടതുമാണ് .അടുത്ത 30 ദിവസത്തിനകം അവകാശി അപേക്ഷിക്കുന്ന പക്ഷം ഒരു മാസത്തെ ലൈസൻസ് ഫീസിനു തുല്യ തുക ഫൈൻ ആയി ഈടാക്കി കൈമാറ്റം

അനുവദിക്കുന്നതാണ് .ലൈസൻസി മരണപ്പെടുകയും നിയമാനുസൃത അവകാശി 6 മാസത്തിനകം ലൈസൻസ് മാറ്റത്തിന് അപേക്ഷിച്ചിട്ടില്ലാത്ത സംഗതിയിൽ ഡെപ്പോസിറ്റ് തുകയിൽ നിന്നും നഷ്ടം ഈടാക്കി പ്രസ്തുത മുറി ഏറ്റെടുത്ത് പുതുയതായി ടെണ്ടർ / ലേലം ചെയ്യുന്നതാണ് എന്നുമാണ് പരാമർശിച്ചിരിക്കുന്നത് .ശ്രീമതി .ലൌലി സേവ്യർ 29.12.2024 ൽ ആണ് മരണപ്പെട്ടിട്ടുള്ളത് .അതായത് ടിയാൾ മരണപ്പെട്ടിട്ട് ഒരു വർഷവും 6 മാസവും കഴിഞ്ഞാണ് 22.06.26 തിയതിയിൽ ശ്രീ.സേവ്യർ അപേക്ഷ നഗരസഭയിൽ സമർപ്പിച്ചിട്ടുള്ളത് .കൂടാതെ ബൈലോയിലെ 19 ആം വ്യവസ്ഥകൾ പൂർണ്ണമായി ലംഘിച്ചിരിക്കുന്നതിനാൽ ടിയാന്റെ അപേക്ഷ പരിഗണനാർഹമല്ല. ടിയാൻ യഥാസമയം ലൈസൻസ് കൈമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന ഓഫീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി മുറി അടുത്ത ടെണ്ടർ / ലേലത്തിൽ ഉൾപ്പെടുത്തുന്ന വിഷയം കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു. ശ്രീമതി . ലൌലി സേവിയർ എന്നിവർ നഗരസഭയിൽ EMD ഇനത്തിൽ അടവാക്കിയ 25000/- രൂപ നഗരസഭ ഫണ്ടിൽ മുതൽ കൂട്ടുന്നതിനുമുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 31-07-2026 തിയതിയിലെ തീരുമാനം കൌൺസിൽ അംഗീകാരത്തിനായി .

**സെക്രട്ടറിയുടെ കുറിപ്പ്**

ഇതുവരെ ഉണ്ടായിട്ടുള്ള വാടക നഷ്ടം ഈടാക്കുന്ന കാര്യവും പരിശോദി ക്കേണ്ടതാണ്

48. **വിഷയം (ഫയൽ നമ്പർ - 878171-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ- വനം വന്യജീവി വകുപ്പ്- മനുഷ്യ വന്യ ജീവി സംഘർഷ ലഘൂകരണം- ജന ജാഗ്രത സമിതികൾ പുന: സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം- ജനജാഗ്രത സമിതികൾ പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച സൂചന ഉത്തരവ് പ്രകാരം ജന ജാഗ്രത സമിതി രൂപീകരിക്കുന്നതിനുള്ള അംഗീകാരത്തിനും അംഗങ്ങളെ നിർദ്ദേശിക്കുന്നതിനും ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു

കുറിപ്പ്- 1).ചുവടെ കാണുന്ന രീതിയിലാണ് ജന ജാഗ്രത സമിതികൾ രൂപീകരിക്കേണ്ടത്.

1.മേയർ (അധ്യക്ഷൻ)
2.ഡെ.മേയർ (ഉപാധ്യക്ഷൻ)
3.. ജില്ലാ പഞ്ചായത്ത് മെമ്പർ
4.ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
5.ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ( റെയിഞ്ച് ഒാഫീസർ/ഡെപ്യൂട്ടി റെയിഞ്ച് ഒാഫീസർ) കൺവീനർ
6.തഹസിൽദാർ/വില്ലേജ് ഒാഫീസർ
7. പ്രദേശത്തെ കൃഷിഒാഫീസർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന കൃഷി വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ
8. പ്രദേശത്തെ വെറ്ററിനറി ഡോക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ
9. പ്രദേശത്തെ ട്രൈബൽ ഡെവലപ്പ്മെന്റ് ഒാഫീസർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ട്രൈബൽ ഡെവലപ്പ്മെന്റ്

വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ

10.പ്രദേശത്തെ പോലീസ് സബ് ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ

11.പ്രദേശത്തെ ബന്ധപ്പെട്ട ഹെൽത്ത് സെന്ററിലെ ഡോക്ടർ നാമ നിർദ്ദേശം ചെയ്യുന്ന ഒരു ആരോഗ്യ പ്രവർത്തകൻ

12.ഡിവിഷൻ കൌൺസിലർ

13. പ്രദേശത്തിന്റെ ചുമതലയുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ

14. വന സംരക്ഷണ സമിതി/ ഇക്കോ-ഡെവലപ് മെന്റ് കമ്മിറ്റി പ്രസിഡന്റ്

15. വനം വകുപ്പ് ഉദ്യോഗസ്ഥർ നോമിനേറ്റ് ചെയ്യുന്ന അതാത് മേഖലയിലെ 3 കർഷകർ

16. അംഗീകൃത സന്നദ്ധ സംഘടനകളിൽ നിന്നും കൺവീനർ നാമ നിർദ്ദേശം ചെയ്യുന്ന ഒരംഗം.

2).വനം വന്യജീവി (ഡി) വകുപ്പ് സ.ഉ.(സാധാ) നം.104/2025/F & WLD dt.12.03.2025 നമ്പർ ഉത്തരവ് പ്രകാരമാണ് കമ്മിറ്റി രൂപീകരിക്കുന്നത്

3).ബഹു.ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ HSC R No.6 dt.28.05.2025 നമ്പർ തീരുമാനപ്രകാരമാണ് ടി വിഷയം കമ്മിറ്റി പരിഗണനയ്ക്ക് വെയ്ക്കുന്നത്.

4). നിലവിലെ കൗൺസിൽ കാലാവധി പൂർത്തിയാക്കുന്ന ഘട്ടത്തിലായതിനാലും തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രബല്യത്തിലുള്ളതിനാലും തെരെഞ്ഞെടുപ്പിനു ശേഷം ആവശ്യം പരിഗണിക്കാവുന്നതാണ് എന്ന ബഹു.മേയറുടെ നിർദ്ദേ ശ പ്രകാരമാണ് ടി വിഷയം പുതിയ ഭരണ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് .

49. **വിഷയം (ഫയൽ നമ്പർ - 3918457-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ആരോഗ്യവിഭാഗം- പി എച്ച് 5 - തൃശ്ശൂർ കോർപ്പറേഷൻ 22-ാം ഡിവിഷനിൽ പെന്റ ഹോംസ് വില്ല നം. 23-ൽ താമസിക്കുന്ന റോസ് ടോണി സമർപ്പിച്ച അപേക്ഷ – വാഹനത്തിന്റെ പുറകുവശത്തെ ഗ്ലാസ് പൊട്ടിയ സംഭവത്തിൽ ചെലവായ തുക അനുവദിക്കുന്നത് – സംബന്ധിച്ച്.

**വിവരണം**

സൂചന : ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10/11/2025-ലെ യോഗത്തിലെ 8-ാം നമ്പർ തീരുമാനം.

**അജണ്ട**

തൃശ്ശൂർ കോർപ്പറേഷൻ 22-ാം ഡിവിഷനിൽ പെന്റ ഹോംസ്, വില്ല നം. 23-ൽ താമസിക്കുന്ന ശ്രീമതി റോസ് ടോണി തൃശ്ശൂർ കോർപ്പറേഷൻ 22-ാം ഡിവിഷനിൽ പെന്റ ഹോംസ്, വില്ല നമ്പർ 23-ൽ താമസിക്കുന്ന ശ്രീമതി റോസ് ടോണി, 01/07/2025-ന് രാവിലെ 8.10 മണിയോടെ വീടിന്റെ കാർപോർച്ചിൽ പാർക്ക് ചെയ്തിരുന്ന **KL 08 BF 6751** നമ്പറായ **Hyundai i20** കാറിന്റെ പുറകുവശത്തെ ഗ്ലാസ് കോർപ്പറേഷൻ പുല്ലുവെട്ടൽ ജോലിക്കിടെ പുല്ലുവെട്ട് യന്ത്രത്തിൽ നിന്ന് കല്ല് തെറിച്ച് വീണ് പൊട്ടിയതായി രേഖപ്പെടുത്തി, ഗ്ലാസ് മാറ്റി സ്ഥാപിക്കുന്നതിന് ചെലവായ **₹6,165/-** (രൂപ ആറായിരത്തി ഒരുനൂറ്റി അറുപത്തഞ്ച്

മാത്രം) അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷയും സാക്ഷ്യപ്പെടുത്തിയ ബില്ലും സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ, ഡി.എൽ.ആർ. വർക്കറായ **ബൈജു എം. വി.** പുല്ലുവെട്ടൽ ജോലിയിൽ ഏർപ്പെട്ടിരുന്ന സമയത്ത് ബോധപൂർവ്വമല്ലാത്ത പിഴവിനെ തുടർന്ന് കല്ല് തെറിച്ച് വീണ് സമീപവീട്ടുകാരിയായ ശ്രീമതി റോസ് ടോണിയുടെ മേൽപ്പറഞ്ഞ വാഹനത്തിന്റെ ഗ്ലാസ് പൊട്ടിയതാണെന്ന് **1-ാം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ** റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയം ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നതും, വാഹനത്തിന്റെ ഗ്ലാസ് മാറ്റി സ്ഥാപിക്കുന്നതിന് ചെലവായ **₹6,165/-** അനുവദിക്കുന്നതിന് കൗൺസിലിന്റെ അംഗീകാരം തേടണമെന്ന് **10/11/2025-ലെ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗത്തിലെ 8-ാം നമ്പർ തീരുമാനപ്രകാരം** ശുപാർശ ചെയ്തിട്ടുള്ളതുമാണ്. വിഷയം കൌൺസിൽ പരിഗണ ന യ്ക്ക്

50. **വിഷയം (ഫയൽ നമ്പർ - 5953409-2025)**

തൃശ്ശൂർ കോർപ്പറേഷൻ – ആരോഗ്യ വിഭാഗം – പി.എച്ച്.5 – തൃശ്ശൂർ നഗരത്തിലെ അപകടകരമായ തെരുവ് നായ്ക്കളുടെ ഭീഷണി പരിഹരിക്കുന്നതിനും പഴയ മൃഗശാല ഷെൽട്ടറുകൾ അവയുടെ പുനരധിവാസത്തിനായി ഉപയോഗിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന പരാതി– കൗൺസിലിന്റെ പരിഗണനയ്ക്ക് – സംബന്ധിച്ച്.

**വിവരണം**

**അജണ്ട**

മിഷൻ ക്വാർട്ടേഴ്സ് പൗരസമിതി (MQPS) തൃശ്ശൂർ നഗരത്തിലും പ്രത്യേകിച്ച് മിഷൻ ക്വാർട്ടേഴ്സ് പ്രദേശത്തും തെരുവ് നായ്ക്കളുടെ വർദ്ധിച്ചുവരുന്ന ശല്യവും ആക്രമണങ്ങളും പൊതുജനങ്ങളുടെ ജീവനും സുരക്ഷയ്ക്കും ഗുരുതര ഭീഷണിയായി മാറിയിരിക്കുന്നതായി ചൂണ്ടിക്കാട്ടി അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ക്വാർട്ടേഴ്സ് പൌരസമിതി ബഹു. ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിച്ച പരാതി കൌൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ്ഃ-.

1. പരാതിയിൽ, കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് നേരെ തെരുവ് നായ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നതായും, പ്രത്യേകിച്ച് അതിരാവിലെയും വൈകുന്നേരങ്ങളിലും പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നവർക്ക് സുരക്ഷാഭീഷണി നേരിടുന്നതായും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, ചെമ്പുക്കാവിലെ പഴയ മൃഗശാലയിൽ നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഷെൽട്ടറുകൾ, പ്രത്യേകിച്ച് മുൻ മാൻ ഷെൽട്ടറുകൾ, നിയമാനുസൃതമായി പിടികൂടുന്ന തെരുവ് നായ്ക്കളുടെ പുനരധിവാസത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും, ദീർഘകാലാടിസ്ഥാനത്തിൽ വന്ധ്യംകരണവും റാബീസ് പ്രതിരോധ കുത്തിവയ്പ്പും ഉൾപ്പെടെയുള്ള നിയന്ത്രണ പരിപാടികൾ ശക്തിപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.
2. പ്രസ്തുത വിഷയം ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ, **13/02/2026-ലെ യോഗത്തിലെ 14-ാം നമ്പർ തീരുമാനപ്രകാരം,** വിഷയം കൗൺസിലിന്റെ അറിവിലേക്കും പരിഗണനയ്ക്കുമായി സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

3. തെരുവ് നായ നിയന്ത്രണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി വിവിധ ഉത്തരവുകളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന അധികാരികൾക്കും ബാധകമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആക്രമണസ്വഭാവമുള്ളതോ പൊതുജനങ്ങൾക്ക് ഗുരുതര ഭീഷണി ഉയർത്തുന്നതോ ആയ തെരുവ് നായകളെ നിയമാനുസൃതമായി പിടികൂടി ചികിത്സ, വാക്സിനേഷൻ, വന്ധ്യംകരണ നടപടികൾ സ്വീകരിക്കുന്നതിനും, ആവശ്യമെങ്കിൽ അനുയോജ്യമായ ഷെൽട്ടറുകളിൽ പുനരധിവസിപ്പിക്കുന്നതിനും, പൊതുജനങ്ങളുടെ ജീവനും സുരക്ഷയും ഉറപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട അധികാരികൾക്ക് ബാധ്യതയുണ്ടെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.
4. ബഹു. സുപ്രീം കോടതിയുടെ **SMWP (C) No. 5/2025** കേസിൽ **07.11.2025**-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പൊതുജനങ്ങളുടെ ജീവനും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി പൊതുഇടങ്ങൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, പൊതുആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, സ്പോർട്സ് കോംപ്ലക്സുകൾ, സ്റ്റേഡിയങ്ങൾ, ബസ് സ്റ്റാൻഡുകൾ/ഡിപ്പോകൾ, റോഡുകൾ എന്നിവിടങ്ങളിൽ നിന്ന് തെരുവ് നായ്ക്കളെയും അലഞ്ഞുതിരിയുന്ന കന്നുകാലികളെയും നിയമാനുസൃതമായി നീക്കം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

51. **വിഷയം (ഫയൽ നമ്പർ - 914571-2026)**

തൃശൂർ ശക്തൻ മാസ്റ്റർ പ്ലാൻ ഒന്നാം ഘട്ടം Construction of proposed Sakthan Nagar Vegetable , Fish & Meat Market എന്ന പ്രവർത്തി - സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് - ബിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ ശക്തൻ മാസ്റ്റർ പ്ലാൻ ഒന്നാം ഘട്ടം Construction of proposed Sakthan Nagar Vegetable , Fish & Meat Market എന്ന പ്രവർത്തിയ്ക്ക് കൺസൽട്ടന്റ് ആയ ENARC construction എന്ന സ്ഥാപനം തയ്യാറാക്കിയ 2.5 കോടി രൂപയുടെ എസ്റ്റിമേറ്റിന് 07/11/2025 തിയ്യതിയിലെ 46-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ആകെ ബഡ്ജറ്റ് തുക 12 കോടി രൂപയാണ്. ടി പ്രവൃത്തിയുടെ ലേ ഔട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നേരത്തെ നിശ്ചയിച്ചിട്ടുള്ള സ്ഥലത്തുനിന്നും മാറിയിട്ടുള്ളതിനാൽ Structural Design/Drawing എന്നിവ തയ്യാറാക്കുന്നതിന് മുൻപായി ഈ പ്രദേശത്തെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി വിദ്യ എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി പ്രവൃത്തി പൂർത്തീകരിച്ച് 160863/-രൂപയുടെ ബില്ലും വിശദമായ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും സമർപ്പിച്ചിട്ടുള്ളതാണ്. ടി ബിൽ തുക വിദ്യ എഞ്ചിനീയറിംഗ് കോളേജിന് അനുവദിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്

52. **വിഷയം (ഫയൽ നമ്പർ - 3911793-2026)**

PC2-തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ആസൂത്രണ വിഭാഗം - കൂർക്കഞ്ചേരി കൃഷിഭവനിൽ സിസി ടി വി ക്യാമറ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

**വിവരണം**

കൂർക്കഞ്ചേരി കൃഷിഭവൻ കെട്ടിടത്തിൽ മഴവെള്ളം ഒഴുക്കി വിടുന്നതിന് സജ്ജീകരിച്ചിട്ടുള്ള പി വി സി പൈപ്പുകളുടെ സംവിധാനം ഓഫീസ് കോമ്പൌണ്ടിൽ അതിക്രമിച്ചു കയറിയ സാമൂഹ്യ വിരുദ്ധർ പൂർണ്ണമായി തകർത്തത് സംബന്ധിച്ച് നെടുപുഴ സ്റ്റേഷൻ ഹൌസ് ഓഫീസർക്ക് പരാതി നൽകിയിട്ടുണ്ടെന്നും ഇപ്രകാരമുള്ള അതിക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ കൃഷി ഭവന്റെ ചുറ്റുമതിലിന്റെ മുകളിലായി ഗ്രിൽ സംവിധാനവും, സിസി ടി വി ക്യാമറയും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സൂചിപ്പിച്ച് കൃഷി ഓഫീസർ, കൂർക്കഞ്ചേരി സമർപ്പിച്ചിട്ടുള്ള അപേക്ഷ കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് ബഹു. വികസനകാര്യ സ്ഥിരം സമിതിയുടെ 29.05.2026 തിയ്യതിയിലെ 10-ാം നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽവിഷയം ബഹു. കൌൺസിലിന്റെ പരിഗണനയ്ക്കായ്.

53. **വിഷയം (ഫയൽ നമ്പർ - 5420970-2026)**

ജനകീയാസൂത്രണം- പട്ടികജാതി വിഭാഗങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതികൾ നിരീക്ഷിക്കുന്നതിന് -നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നത് -സംബന്ധിച്ച്

**വിവരണം**

ജില്ലയിലെ പട്ടികജാതി വിഭാഗങ്ങൾക്കുള്ള പ്രത്യേക ഘടകപദ്ധതികൾ നിരീക്ഷിക്കുന്നതിന് -നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച കത്ത് കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു. .

**കുറിപ്പ്**

1. 18/06/2026 ലെ LSGD/JD/TSR/3780/2026-G നം കത്ത് പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കുള്ള പ്രത്യേക ഘടകപദ്ധതികൾ നിരീക്ഷിക്കുന്നതിന് -നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണങ്ങൾ അടിയന്തിരമായി രൂപീകരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.
2.തൃശൂർ കോർപ്പറേഷനിലെ പട്ടിക ജാതി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും അത്തരത്തിൽ ഒരു നീരിക്ഷണ സമിതി രൂപീകരിക്കേണ്ടതുണ്ട്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എസ് സി/ എസ് ടി വിഭാഗത്തിൽ ഉൾപ്പെട്ട ജന പ്രതിനിധികളാണ് കമ്മിറ്റി അംഗങ്ങൾ .കമ്മറ്റിയുടെ പ്രവർത്തനത്തിന് വേണ്ട സഹായത്തിന് കമ്മറ്റിയെ സഹായിക്കാൻ ഗ്രാമ പഞ്ചായത്തുകളിൽ അസി. സെക്രട്ടറിയും .നഗരസഭകളിൽ സെക്രട്ടറിക്ക് തൊട്ടുതാഴെയുള്ള ഒരു ഉദ്യോഗസ്ഥനെ ഓഫീസ് ഓർഡർ വഴി ചുമതലപ്പെടുത്താം എന്ന് പദ്ധതി മാർഗ്ഗ നിർദ്ദേശത്തിൽ നിഷ്കർശിച്ചിട്ടുള്ളതാണ്
**4.**3-ഇൽ കുറവ് എസ് സി എസ് ടി ജനപ്രതിനിധികൾ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീരിക്ഷണ സമിതി ചുമതല ബന്ധപ്പെട്ട വർക്കിംങ്ങ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണ്)

54. **വിഷയം (ഫയൽ നമ്പർ - 5157641-2026)**

തൃശൂർ കോർപറേഷൻ -സ്ഥലം വാങ്ങൽ പദ്ധതികളിൽ നിന്നും ഒഴിവാക്കി തരണമെന്നുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അപേക്ഷ സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 2025-26 സാമ്പത്തിക വർഷം ഏറ്റെടുത്തിരുന്നതും 2026-27 സാമ്പത്തിക വർഷത്തിലേക്ക് സ്പിൽ ഓവർ ആയി ഉദ്ദേശിക്കുന്നതുമായ പ്രോജക്റ്റ് നമ്പർ 2206/26 div-47 നന്ദനം അംഗൻവാടിക്ക് സ്ഥലം വാങ്ങൽ എന്ന പദ്ധതി എക്സിക്യുട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥന്റെ പദ്ധതിയായാണ് നിശ്ചയിച്ചിട്ടുള്ളത് . പ്രസ്തുത പദ്ധതി നിർമ്മാണ മേഖലയിൽ വരുന്ന പദ്ധതിയല്ലാത്തതിനാലും പദ്ധതി മാർഗരേഖ Order No. G O(MS) NO.86/2022/LSGD, Dated-19/04/2022 ഖണ്ഡിക 3.5, 8.8(2) പ്രകാരം ഇത്തരം സ്ഥലം വാങ്ങൽ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി നിർദ്ദേശമില്ലാത്തതിനാലും പ്രസ്തുത പദ്ധതി നിർവഹണത്തിൽ നിന്നും തന്നെ ഒഴിവാക്കി തരണമെന്നുമുള്ള എക്സിക്യുട്ടീവ് എഞ്ചിനീയറുടെ അപേക്ഷ ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

55. **വിഷയം (ഫയൽ നമ്പർ - 983362-2026)**

ഇ 7-4462/25 - വൈദ്യുതി വിഭാഗം കാര്യാലയത്തിലേക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങി ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

വൈദ്യുതി വിഭാഗം കാര്യാലയത്തിലേക്ക് മൂന്ന്കമ്പ്യൂട്ടറുകളും , പദ്ധതി കാര്യാലയത്തിലേക്ക് പ്രിൻറർ കം സ്കാനർ , കാര്യാലയത്തിലേക്ക് പൊതുആവശ്യത്തിനായി തപാൽ വിഭാഗത്തിലേക്ക് "മൾട്ടി പർപ്പസ് പ്രിന്റർ കം സ്കാനർ" എന്നിവ "ഗവൺമെൻറ് ഇ മാർക്കറ്റ്" (GEM) മുഖേന വാങ്ങിയ കാര്യാലയ നടപടിയും , ബഹു. മേയറുടെ മുൻകൂർ അനുമതിയോടെ 2,70,742/- രൂപയുടെ ബിൽ തുക പാസ്സാക്കി നൽകിയ ഓഫീസ് നടപടിയും സാധൂകരിയ്ക്കുന്നതിനായി ബഹു കൌൺസിൽ മുൻപാകെ.

കുറിപ്പ്:

1. ബഹു ബഹു .പബ്ലിക് വർക്സ് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 22/10/2025 ലെ തീരുമാനം നമ്പർ 1 പ്രകാരം 2,74,000/- രൂപ അടങ്കൽ തുകയിൽ പ്രസ്തുത സാമഗ്രികളുടെ വാങ്ങി ലഭ്യമാക്കുന്നതിലേക്ക് അനുമതി ലഭിച്ചിട്ടുള്ളതാണ്.
2. ധനകാര്യവകുപ്പിന്റെ സർക്കുലർ നം 46/2018/FIN DT 19/07/2018 പ്രകാരം GEM PORTAL മുഖേന വാങ്ങുന്ന സാധനസാമഗ്രികളുടെകൺസൈനീ റെസീപ്റ്റ് ആൻഡ് അക്സെപ്റ്റൻസ് സർട്ടിഫിക്കറ്റ് ലഭ്യമായാൽ വാങ്ങൽ പണം നൽകൽ ഉൾപ്പെടെ 10 ദിവസത്തിനുള്ളിൽ നടത്തുവാൻ വ്യവസ്ഥ ഉള്ളതാണ്.
3. ബഹു .പബ്ലിക് വർക്സ് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 27/06/2026 ലെ തീരുമാനം നമ്പർ-10 പ്രകാരം മേൽ വിഷയം സാധൂകരണത്തിനായി ബഹു കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

56. **വിഷയം (ഫയൽ നമ്പർ - 5167125-2026)**

PH7 - തൃശൂർ കോർപറേഷന് - ആരോഗ്യവിഭാഗം - തൃശൂർ കോർപ്പറേഷൻ സർക്കിൾ-2 പരിധിയിലുള്ള അതീവ ജീർണാവസ്ഥയിലുള്ള കെട്ടിടത്തിൽ താമസിക്കുന്ന വ്യക്തികളുടെ കാര്യത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്

**വിവരണം**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ സർക്കിൾ-2 പരിധിയിൽ 35 ആം ഡിവിഷനിൽ എരിഞ്ഞേരി അങ്ങാടിയിൽ ഫാൻസി ലാൻഡ് എന്ന സ്ഥാപനത്തിന് സമീപത്തായി സ്ഥിതി ചെയ്യുന്ന ഏകദേശം 50 വർഷത്തിലധികം പഴക്കമുള്ള ഒരു കെട്ടിടം 35/ 2458 - നിലവിൽ അതീവ ജീർണാവസ്ഥയിലാണെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട് ബന്ധപ്പെട്ട PHI റിപ്പോർട്ട് നൽകിയിട്ടുണ്ട് . പ്രസ്തുത കെട്ടിടത്തിൽ നിലവിൽ മുഹമ്മദുണ്ണിയും ഭാര്യ സുലേഖയും താമസിച്ചു വരികയാണ്. വിഷയം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി അപകടസാധ്യത കണക്കിലെടുത്ത് താമസക്കാരെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റുന്നതിനും, തുടർ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി ബഹു കൗസിൽ മുൻപാകെ .

കുറിപ്പ് - മുഹമ്മദുണ്ണി ,ഭാര്യ സുലേഖ എന്നിവരുടെ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി ബഹു ജില്ലാ കളക്ടർക്കു കത്ത് നൽകിയിരുന്നുവെങ്കിലും ആവശ്യമായ നടപടികൾ തൃശൂർ കോര്പറേഷന് ഭാഗത്തുനിന്നും അടിയന്തിരമായി സ്വീകരിക്കണം എന്ന് കാണിച്ചു DCTSR/65/2026-K 4 നമ്പർ മറുപടി ജില്ലാ കളക്ടർ നിന്നും ലഭിച്ചിട്ടുള്ളതാണ്

57. **വിഷയം (ഫയൽ നമ്പർ - 6148647-2026)**

ദേശായി ഹോംസിലെ മണ്ണിടിച്ചിൽ മൂലം കേടുസംഭവിച്ച വീടുകൾ റിപ്പയർ ചെയ്യുന്നതും,ഇറിഗേഷൻ പുറമ്പോക്കിലെ വീട്ടുകാരുടെ പുനരധിവാസവും സംബന്ധിച്ച് ജില്ലാകളക്ടർ നൽകിയ നിർദ്ദേശങ്ങളിൽ തുടർനടപടി സ്വീകരിക്കുന്നതിനുള്ള കൌൺസിൽ തീരുമാനം സംബന്ധിച്ച്

**വിവരണം**

OLR /BA /109/21-22 dated 2/9/2022 നമ്പർ പെർമിറ്റ് പ്രകാരം ഒല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 30/32, 30/25P യിൽ ഉൾപ്പെടുന്ന 4647M2 സ്ഥലത്തു 19866.01M 2 വിസ്തീർണമുള്ള B1+B2+G+18th floor residential apartment builing ന് കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. ടി സ്ഥലത്തു കെട്ടിടത്തിന്റെ structural work ഭാഗികമായി പൂർത്തീകരിച്ച അവസ്ഥയിലാണ്. നിലവിൽ basement floor ന്റെ retaining wall നിർമ്മാണം നടക്കുന്നുണ്ട്. ആയതിൻറെ പടിഞ്ഞാറുഭാഗത്തെ അതിർത്തിയിൽ വരുന്ന ഭൂമി ഏകദേശം 6m നേക്കാൾ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇറിഗേഷൻ പുറമ്പോക്ക് ആണെന്ന് പറയപ്പെടുന്ന ടി ഭൂമിയിൽ നിലവിൽ വീടുകൾ സ്ഥിതിചെയ്യുന്നുണ്ട്. ഈ വീടുകളുടെ ചുമരിനോട് ചേർന്നുള്ള മണ്ണ് ഇടിഞ്ഞു താഴേക്ക് വീണു കിടക്കുന്ന അവസ്ഥയിൽ ആണ്. തുടർന്നും മണ്ണിടിച്ചിൽ ഉണ്ടാകാനും വീട് തകർന്നു വീഴാനും സാധ്യതയുള്ളതിനാൽ തുടന്ന് മണ്ണിടിയാതിരിക്കാൻ വേണ്ടി ഷീറ്റ് piles സ്ഥാപിച്ചു താത്കാലിക സുരക്ഷ ഉറപ്പുവരുത്തുന്നതിന് ദേശായി ഹോംസ് നു അറിയിപ്പ് നൽകിയതിനെ തുടർന്ന് അവർ താൽകാലിക സുരക്ഷാ സംവിധാനങ്ങൾ ചെയ്തിരുന്നു. മണ്ണിടിച്ചിലിന്റെ ഭാഗമായും മറ്റു നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായും പുറമ്പോക്ക് ഭൂമിയിലുള്ള കെട്ടിടങ്ങൾക്ക് ചെറിയ വിള്ളലുകളും കേടുപാടുകളും സംഭവിച്ചിട്ടുണ്ട് . ആയത് പരിശോധിക്കുന്നതിനായി 09.05.2026 തീയതിയിൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഒല്ലൂർ അസിസ്റ്റന്റ് എൻജിനീയറും, ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറും, ഒല്ലൂർ വില്ലേജ് ഓഫിസറും അംഗങ്ങളായുള്ള ഒരു സംയുക്ത പരിശോധന സമിതി രൂപീകരിക്കുകയും ടി സമിതിയുടെ പരിശോധന റിപ്പോർട്ട് ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. 09.05.2026 തീയതിയിലെ യോഗ തീരുമാന പ്രകാരം വീടുകളുടെ കേടുപാടുകൾ തീർത്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ദേശായി ഹോംസ് അധികൃതർ സമ്മതം അറിയിക്കുകയുണ്ടായിട്ടുള്ളതാണെന്നും

ആയതിനാൽ സമിതി തയ്യാറാക്കിയ റിപ്പോർട്ട് എത്രയും വേഗം ദേശായി ഹോംസിനു കൈമാറാനും തുടർ നടപടികൾ സ്വീകരിക്കാനും ബഹുമാനപെട്ട ജില്ല കളക്ടർ നിർദേശം നൽകിയിട്ടുണ്ട് . റിപ്പോർട്ട് ദേശായി ഹോംസിന് കൈമാറിയിട്ടുണ്ട്.കൂടാതെ പുറമ്പോക്ക് ബണ്ടിലുള്ള താമസക്കാരെ അടിയന്തിരമായി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബഹുമാനപെട്ട ജില്ല കളക്ടർ നിർദേശം നൽകിയിട്ടുണ്ട് .പ്രസ്തുത വിഷയത്തിൽ സ്വീകരിക്കേണ്ടുന്ന തുടർനടപടികൾ സംബന്ധിച്ച് ബഹു.കൌൺസിൽ തീരുമാനത്തിനായി.

കുറിപ്പ് - പ്രസ്തുത സ്ഥലം മൈനർ ഇരിഗേഷന് ന്റെ ഉടമസ്ഥതയിൽ ഉള്ളതാണ്

58. **വിഷയം (ഫയൽ നമ്പർ - 795225-2025)**

തൃശൂർകോർപ്പറേഷൻ-- കൂർക്കഞ്ചേരി മേഖല കാര്യാലയം -- ഡ്രെയിൻ പിറ്റ് നിർമ്മിക്കുന്നതി നായി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സം ബന്ധി ച്ചു

**വിവരണം**

തൃശൂർകോർപ്പറേഷൻ-- കൂർക്കഞ്ചേരി മേഖല കാര്യാലയം ശ്രീമതി ഷേർളി എന്നവരുടെ വീ ട്ടിലെ വെള്ളകെട്ട് തടയുന്നതിനായി റോഡ് മുറിച്ച് കാന നിർമ്മിക്കാൻ ആവശ്യപ്പെട്ടിരുന്നു . ശ്രീമതി ഷേർളി എന്നവരുടെ വീട്ടിലേക്കുള്ള റോഡിലെ വെള്ളക്കെട്ട്ഒഴിവാക്കു ന്നതിനു റോഡിൻറെ അവസാന ഭാഗത്ത് ഒരു ഡ്രെയിൻ പിറ്റ് നിർമ്മിച്ച് ഗ്രിൽഉപയോഗിച്ച് കവർ ചെ യ്ത് ടി റോ ഡിലെ വെള്ളം അതിലേ ക്ക്ഒഴു ക്കിവിട്ടാൽ വെള്ളക്കെട്ട് ഒരു പരിധി വരെ നി യന്ത്രിക്കാനാ കും എന്നും പിറ്റ് നിർമ്മിക്കുന്നതിനു നു 6,00,000/- രൂപ ചെലവ് വരു മെന്നും എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട് .പിറ്റ് നിർമ്മി ക്കുന്ന തിനു തയ്യാറാക്കിയ 600000/- രൂ പയുടെ എസ്റ്റിമേറ്റ് ഭരണാനു മതി ലഭിക്കുന്നതിനായി ടി വിഷയം ബഹു കൗൺസിലിലേക്ക് സമർപ്പിക്കുന്നതിന് 27-07-2026 ലെ ബഹു പൊതു മരാമത്ത് സ്റ്റാന് റിംഗ് കമ്മിറ്റിയു ടെ 48 നമ്പർ തീരുമാനം ബഹു കൌൺസിൽ ന്റെ പരിഗണനയ്ക്കായി

59. **വിഷയം (ഫയൽ നമ്പർ - 1709714-2024)**

തൃശ്ശൂർ കോർപ്പറേഷൻ-മരാമത് വിഭാഗം -കൂർക്കഞ്ചേരി സോണൽ പ്രോജ്-1285/25 ഡിവിഷൻ 40 ലെ കിണർ അറ്റകുറ്റപ്പണി - എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതിക്കായി

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ -കൂർക്കഞ്ചേരി സോണൽ പ്രോജ്-1285/25ഡിവിഷൻ 40 ലെ കിണർ അറ്റകുറ്റപ്പണി ( Project Amount =6,00,000/- , കരാറുകാരൻ ജീസൺ വർഗീസ്, Agreement Date 4/10/2024 ) എന്ന പ്രവർത്തിയുടെ നിർവഹണ സമയത്ത് കിണറിന്റെ വശങ്ങൾ ഇടിഞ്ഞത് കൊണ്ട് ആയതു ഫിൽ ചെയ്യേണ്ട സാഹചര്യം ഉണ്ടായിരുന്നു. ആയതിനുള്ള ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല .ആയതു എക്സ്ട്രാ ഐറ്റം ആയി ഉൾപ്പെടുത്തുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് വേണ്ടിവരുന്നു. എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റീവൈസ്ചെയ്യുന്നതിന് അനുമതിക്കായി വിഷയം ബഹു കൌൺസിൽ മുൻപാകെ

60. **വിഷയം (ഫയൽ നമ്പർ - 2802389-2026)**

തൃശ്ശൂ ർ കോർപറേഷൻ-അമൃത്-1.0-100 KLd FSTP at Ramavarmapuram -sd റിലീസ് ചെയ്യു ന്നതസംബന്ധിച്ചു

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ -അമൃത്-1.0 ലുൽപ്പെടുത്തി നിർവഹണം ചെയ്യാനു ദേശിച്ച -100 kld FSTP at Ramavarmapuram (AS Amount 3,50,00,000/-, Agreement No 11/AMRUTH/EE 2/2023-24 Dt 14/01/24)എന്ന പ്ര വൃത്തി ബഹു ജന പ്രതിഷേധം മൂലം നടപ്പിലാക്കാൻ സാധിക്കാതെ വരുകയും ആയതിൻമേൽ ബഹു സർകാർ ഉത്തരവ് G.O (ആർടി) no.2787/25 lsgd dtd 10/11/25 പ്ര കാരം അമൃത് 2.0 ലേക്ക് മാറ്റു ന്നതിനും location മാറ്റു ന്നതിനും ഉത്തരവ് ലഭിച്ചിട്ടു ണ്ട് . Socio Economic Unit Foundation എന്ന സ്ഥാപനം ആണ് 804573/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കി കോർപ്പറേഷനുമായി പ്രവൃത്തി നിർവഹണം ചെയ്യാൻ കരാർ വച്ചിട്ടുള്ളത് . എന്നാൽ നിലവിലുള്ള കരാർ പ്ര കാരം പ്ര വൃത്തി തു ടരാൻ കഴിയാത്ത സാഹചര്യമായതിനാൽ SD തിരികെ നൽകണമെന്ന Socio Economic Unit Foundation ,Executive Director ടെ അപേക്ഷ ബഹു .കൌൺസിൽ പരിഗണനക്കായി.
കുറിപ്പു : 27/6/26 ലെ ബഹു മാരാമത്ത് കമ്മിറ്റിയുടെ തീരുമാനം നം26 പ്രകാരം SD തിരികെ നൽകണമെന്ന Socio Economic Unit Foundation ,Executive Director ടെ അപേക്ഷ നിയമാനു സൃതം ബഹു : കൌൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കു ന്നതിനു തീരുമാനിച്ചിട്ടുള്ളതാണ്

61. **വിഷയം (ഫയൽ നമ്പർ - 5362963-2026)**

തൃശ്ശൂർ കോർപറേഷൻ-അമൃത് 2 . 0 - RENOVATION WORK OF MAMBHAZHAKKAD KULAM എന്ന പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി SD release ചെയ്തു തരണമെന്ന് കരാറുകാരൻ ആന്റോ. ടി .എൽ അപേക്ഷ-സംബന്ധിച്ച്

**വിവരണം**

അമൃത് 2 . 0 - RENOVATION WORK OF MAMBHAZHAKKAD KULAM (AS Amount 14,88,318/- Agreement No 01/AMRUTH/EE2/2025-26 Dt 23/05/2025 )എന്ന പ്രവൃത്തിയിൽ കുളം വൃത്തിയാക്കി ചുറ്റും കവാടം ,handrail, കുളത്തിനു ചുറ്റും ടൈൽ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ടൈൽ വിരിക്കേണ്ട ഭാഗം അളന്നു തിട്ടപ്പെടുത്തുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. കൂടാതെ ടി സ്ഥലത്തു മുൻ വർഷത്തിൽ നടന്ന പ്രവൃത്തിയുടെ DLP പൂർത്തീകരിച്ചിട്ടില്ല. കവാടം നിർമ്മിക്കുമ്പോൾ കൃഷിക്കാവശ്യമായ വാഹനങ്ങൾ കടന്നു പോകുന്നതിനു ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യവും ഉണ്ട്. മേൽ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. 7/7/2026 തിയ്യതി ബഹു. മേയറുടെ അധ്യക്ഷതയിൽ ചേർന്ന അമൃത് 2.0 കോർ കമ്മറ്റി യോഗത്തിലെ 10 ആം നമ്പർ തീരുമാനമായി ടി പ്രവൃത്തി ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തി നടത്തുവാൻ അനുകൂല സാഹചര്യം അല്ലാത്തതിനാൽ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി SD release ചെയ്തു തരണമെന്ന് കരാറുകാരൻ ആന്റോ. ടി .എൽ സമർപ്പിച്ച അപേക്ഷ ബഹു. കൗൺസിൽ പരിഗണനക്കായി

62. **വിഷയം (ഫയൽ നമ്പർ - 4514225-2026)**

ഡിഫറെൻറ് ആർട്സ് സെന്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ഡിഫറൻറ് ആർട്സ് സെന്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്നത് സംബന്ധിച്ച് ബഹു. ജോയിൻറ് ഡയറക്ടറുടെ കാര്യത്തിൽ നിന്നും ലഭിച്ച കത്ത് ബഹു കൌൺസിലിന്റെ പരിഗണനയ്ക്കായ്

**കുറിപ്പ് 1-** ഓരോ ജില്ലയിലും സർഗ്ഗവാസനയും കലാപരമായ കഴിവുകളുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തി അവരുടെ കഴിവുകൾ പരിശീലനത്തിലൂടെ പരിപോഷിപ്പിക്കുന്നതിനും പൊതുവേദികളിൽ അവതരിപ്പിക്കാൻ അവസരം ഉണ്ടാക്കുന്നതിനും ഡിഫറന്റ് ആർട്ട് സെന്ററുകൾ സ്ഥാപിക്കുന്നത് വഴി സാധിക്കും .ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാ പഞ്ചായത്തിന്റെ / കോർപ്പറേഷന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിലും ഗുണഭോക്താക്കളുടെ സൌകര്യാർത്ഥം മേഖല തിരിച്ച് 2 കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ് എന്നും ആവർത്തന ചിലവ്കൾ ഉൾപ്പടെ 12500000/- രൂപ ചിലവ് വരുമെന്നും മേൽ തുകയുടെ പദ്ധതി ജില്ലാ തലത്തിൽ ഏറ്റെടുത്ത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നിശ്ചിത തുക വകയിരുത്തി പദ്ധതി പ്രാവർത്തികമാക്കാവുന്നതാണ് .ആയതിനുള്ള നിർദ്ദേശങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താവുന്നതാണ് എന്നും പ്രസ്തുത കത്തിൽ പരാമർശിച്ചിട്ടുള്ളതാണ്.

2. 20/07/26 ലെ 14-ാ നം നം തീരുമാന പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംങ്ങ് കമ്മറ്റി ചർച്ച ചെയ്യുകയും
   നിയമാനുസൃതം ബഹു . കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

63. **വിഷയം (ഫയൽ നമ്പർ - 7533673-2026)**

തൃശ്ശൂർ കോർപ്പറേഷൻ - റവന്യു വിഭാഗം - വസ്തുനികുതി കുടിശ്ശിക - പിഴപലിശ ഒഴിവാക്കിയത് - സംബന്ധിച്ച്

**വിവരണം**

ബഹു. തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ സ ഉ (സാധാ) നം 1765/2026/LSGD DT 18.09.2026 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അടവാക്കേണ്ട വസ്തുനികുതി കുടിശ്ശികയും പിഴപലിശ 30.09.2026 വരെ ഒഴിവാക്കിയിട്ടുള്ളതാണ്. ബഹു. കൗൺസിലിന്റെ അറിവിലേക്കായി സമർപ്പിച്ചുകൊള്ളുന്നു.

64. **വിഷയം (ഫയൽ നമ്പർ - 1925728-2026)**

തൃശ്ശൂർ കോർപ്പറേഷൻ - സംസ്ഥാന സ്കൂൾ കലോത്സവം - സെൻട്രൽ സോണിന് കീഴിലുള്ള നെഹ്റു ചിൽഡ്രൻസ് പാർക്ക്, ശക്തൻ നഗർ ആകാശപാത (Skywalk) എന്നിവിടങ്ങളിൽ ദീപാലങ്കാരം നടത്തിയത് - ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും BELLA EVENTS സമർപ്പിച്ച ബിൽ തുക അനുവദിക്കുന്നതും സംബന്ധിച്ച്.

**വിവരണം**

സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള മുഴുവൻ കെട്ടിടങ്ങളും പൊതുയിടങ്ങളും ആകർഷകമായി അലങ്കരിക്കുന്നതിന് ബഹു. മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ സെൻട്രൽ സോണിന്റെ കീഴിലുള്ള നെഹ്റു ചിൽഡ്രൻസ് പാർക്ക്, ശക്തൻ നഗറിലെ ആകാശപാത (Skywalk) എന്നിവിടങ്ങളിൽ ദീപാലങ്കാരം നടത്തുന്നതിനായി സെൻട്രൽ സോൺ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നിഷാന്ത് പി.എസ്സിനെ ചുമതലപ്പെടുത്തി ബഹു. മേയർ 12/01/2026-ൽ നിർദ്ദേശം നൽകുകയും മുൻകൂർ അനുമതി നൽകുകയും ചെയ്തു.സെൻട്രൽ സോൺ അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രസ്തുത ദീപാലങ്കാര പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയായ ₹1,95,358/- (ഒരു ലക്ഷത്തി തൊണ്ണൂറ്റഞ്ചായിരത്തി മുന്നൂറ്റി അമ്പറ്റെട്ട് രൂപ മാത്രം) സമർപ്പിച്ച 'BELLA EVENTS' എന്ന സ്ഥാപനത്തിന് പ്രവൃത്തി നൽകുകയും അവർ വിജയകരമായി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സാക്ഷ്യപ്പെടുത്തിയ ബിൽ ഹാജരാക്കിയിട്ടുണ്ട്.തുടർന്ന്, 20-08-2026-ൽ ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര യോഗം (തീരുമാന നമ്പർ: 10) പ്രസ്തുത വിഷയം പരിഗണിക്കുകയും, പ്രവൃത്തി നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും, ബിൽ തുകയായ ₹1,95,358/- BELLA EVENTS എന്ന സ്ഥാപനത്തിന് അനുവദിച്ചു നൽകുന്നതിനുമായി കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.ആയതിനാൽ, ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും BELLA EVENTS-ന് ₹1,95,358/- അനുവദിക്കുന്നതിനും കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

65. **വിഷയം (ഫയൽ നമ്പർ - 5971792-2026)**

മരണാനന്തരം ശ്രീമതി, ലക്ഷി കെ എന്നവരെ PMAY(U)-LIFE ഗുണഭോക്തൃപട്ടികയിൽ നിന്നും നീക്കം ചെയ്യുകയും, ടിയാരിയുടെ ഭർത്താവായ ശ്രീ സോമസുന്ദരൻ വി കെ,വെളിയേടത്തുപറമ്പിൽ എന്നവരെ ഗുണഭോക്താവായി ചേർക്കുന്നത്-സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷൻ പി.എം.എ വൈ അർബൻ ലൈഫ് ഭവന പദ്ധതിയിലെ ഡി.പി.ആർ 6 ലെ ഗുണഭോക്താവ് ആയിരുന്ന ശ്രീമതി ലക്ഷമി കെ w/o സോമസുന്ദരൻ വി കെ, വെളിയേടത്തുപറമ്പിൽ, വടൂക്കര പി ഒ, തൃശ്ശൂർ, (ഡിവിഷൻ 40) എന്നവരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുള്ളതും, മുഴുവൻ പദ്ധതി തുകയും 21/04/21 നു കൈപറ്റുകയും ചെയ്തിട്ടുള്ളതുമാണ്. ശ്രീമതി ലക്ഷമി കെ എന്നവർ 30/03/2020 മരണപ്പെട്ടിട്ടുള്ളതായി ,ഭർത്താവ് ശ്രീ സോമസുന്ദരൻ വി കെ എന്നവർ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ളതും, അവണൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 998/2020 നം മരണസാക്ഷ്യപത്രം ഹാജരാക്കുകയുംചെയ്തിട്ടുള്ളതുമാണ്.പദ്ധതിമാനദണ്ഢങ്ങൾക്കനുസൃതമായി പണിതിരിക്കുന്ന കെട്ടിടത്തിന്റെ ഭൂമിയുടെ ആധാരം ,ശ്രീ സോമസുന്ദരന്റെ പേരിലുള്ളതാണെന്ന് രേഖകൾ പ്രകാരം ബോദ്ധ്യപ്പെട്ടിട്ടുണ്ട്.(തൃശ്ശൂർ SRO,6208/42 DT.24/11/1992, തൃശ്ശൂർ SRO, 217/94 DT.12/09/1994 നം മരണ പത്രം). ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, ശ്രീമതി, ലക്ഷി കെ എന്നവരെ ഗുണഭോക്തൃപട്ടികയിൽ നിന്നും നീക്കം ചെയ്യുകയും, ടിയാരിയുടെ ഭർത്താവായ ശ്രീ സോമസുന്ദരൻ വി കെ,വെളിയേടത്തുപറമ്പിൽ എന്നവരെ ഗുണഭോക്താവായി ചേർക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൌൺസിലിന്റെ 14.08.2026 തിയ്യതിയിലെ 07 നം തീരുമാനപ്രകാരം അംഗീകാരത്തിന് ബഹു. കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

66. **വിഷയം (ഫയൽ നമ്പർ - 3452856-2026)**

തൃശ്ശൂർ കോർപ്പറേഷൻ- മാറ്റാം പുറത്ത് ഫ്ലാറ്റ് മുകളിലത്തെ നിലയിൽ നിന്ന് താഴത്തെ നിലയിലേക്ക് മാറ്റി നൽകുന്നത് - സംബന്ധിച്ച്

**വിവരണം**

അതിദാരിദ്ര്യവിഭാഗത്തിൽ പ്പെട്ടവർക്ക് 2025 നവംബറിൽ മാറ്റാം പുറത്ത് അനുവദിച്ച് നൽകിയ ഫ്ലാറ്റിലെ ഒരു ഗുണഭോക്താവാണ് ശ്രീമതി തങ്കമ്മ ,W/O വർഗ്ഗീസ്സ് ,കരയാം പറമ്പിൽ .ടിയാൾ ബ്ലോക്ക് 11/K 3 രണ്ടാം നിലയിലാണ് താമസിക്കുന്നത്. (FIEE NO: 2346614/2024 AGENDA NO: 1/1 dtd 31.10.2025) ടിയാൾക്ക് മൂത്ര സഞ്ചിയിൽ ക്യാൻസർ ആയതിനാലും ,രണ്ട് സർജ്ജറി കഴിഞ്ഞിരിക്കുന്നതിനാലും ടിയാരിയുടെ ഭർത്താവ് പ്രായം ആയ ആളായതിനാലും മുകളിലേക്ക് കയറാൻ കഴിയുന്നില്ലെന്നും ആയതിനാൽ താഴത്തെ നിലയിൽ ഫ്ലാറ്റ് അനുവദിക്കണമെന്നും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം താഴത്തെ നിലയിൽ ഒഴിഞ്ഞു കിടക്കുന്ന മുറികളോ മാറാൻ സന്നദ്ധതയുള്ളവരുണ്ടോ ഉണ്ടങ്കിൽ ആയത് റിപ്പോർട്ട് സഹിതം കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് 29/05/2026 തീയ്യതിയിലെ 14 നമ്പർ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം മൊത്തം ഫ്ലാറ്റുകളിൽ താമസിക്കുന്നവരുടെ വിവരങ്ങളും ഒഴിഞ്ഞുകിടക്കുന്ന ഫ്ലാറ്റുകളെ സംബന്ധിച്ച വിവരങ്ങളും താഴത്തെ നിലയിൽ താമസിക്കുന്നവരുടെ വിവരങ്ങളും താഴെ ചേർക്കുന്നു

| sl no: | Name &Address | BLOCK | Flat no: | REMARKS |
|---|---|---|---|---|
| 1 | ജാനകി തറക്കൽ DIV-48 W/O വേലായുധൻ തറക്കൽ ഹൗസ് | 11 | K1 | താമസം ഉണ്ട് |
| 2 | കൃഷ്ണവേണി DIV-21 | 11 | K2 | താമസം ഉണ്ട് |
| 3 | തങ്കമ്മ W/O വർഗീസ് കരയാംപറമ്പിൽ DIV-21 | 11 | K3 | താമസം ഉണ്ട്. പരാതിക്കാരി |
| 4 | പാർവതി പാങ്ങാടത്ത് DIV-46 | 12 | L1 | താമസം ഉണ്ട് |

| | | | | |
|---|---|---|---|---|
| 5 | റാഹില ഇടവഴിക്കൽ DIV-55 | 12 | L2 | താക്കോൽ കൈപ്പറ്റി. നാളിതുവരെ താമസിച്ചിട്ടില്ല. |
| 6 | സുമതി,കമ്മട്ടിക്കാട്ടിൽ, DIV-47 | 12 | L3 | താമസം ഉണ്ട് |
| 7 | മാർഗലി പറക്കൽ DIV-48 | 13 | M1 | താമസം ഉണ്ട് |
| 8 | തോമസ് അക്കരെപുറം DIV-48 | 13 | M2 | താമസം ഉണ്ട് |
| 9 | ടെസ്സി മുണ്ടുപാല DIV-45 | 13 | M3 | താമസിക്കാൻ താൽപര്യം ഇല്ല താക്കോൽ തിരിച്ചേൽപ്പിച്ചു |
| 10 | ലിസ്സി ഡേവിസ്, തറയിൽ DIV-48 | 14 | N1 | താമസം ഉണ്ട് |
| 11 | ഒഴിഞ്ഞു കിടക്കുന്നു | 14 | N2 | ഒഴിഞ്ഞു കിടക്കുന്നു |
| 12 | മേരിവർഗ്ഗീസ് പോട്ടോക്കാരൻ | 14 | N3 | താമസം ഉണ്ട് |
| 13 | ഒഴിഞ്ഞു കിടക്കുന്നു | 15 | O1 | ഒഴിഞ്ഞു കിടക്കുന്നു |
| 14 | പുഷ്പ കിഴകൂട്ട് DIV-9 | 15 | O2 | താമസം ഉണ്ട് |
| 15 | കമലം കൊട്ടയാർ DIV-7 | 15 | O3 | താമസം ഉണ്ട് |
| 16 | ലക്ഷ്മി പെരിങ്ങണ്ടൂർ | 16 | P1 | താമസം ഉണ്ട് |

| | | | | |
|---|---|---|---|---|
| | DIV-46 | | | |
| 17 | നാഗമണി നരസിംഹം DIV-45 | 16 | P2 | താമസം ഉണ്ട് |
| 18 | ജാൻസി മുരിങ്ങത്തേരി DIV- | 16 | P3 | താമസമില്ല. താക്കോൽ കൈപ്പറ്റിയിട്ടില്ല.ഫോണിൽ വിളിച്ചിട്ട് കിട്ടുന്നില്ല |
| 19 | വിമല ആലപ്പാട്ട് DIV-45 | 17 | Q1 | താമസം ഉണ്ട് |
| 20 | വത്സല അർജുനൻ,കിഴക്കിനേടത്ത് DIV-45 | 17 | Q2 | താമസിക്കാൻ താൽപര്യം ഇല്ല താക്കോൽ തിരിച്ചേൽപ്പിച്ചു |
| 21 | ഒഴിഞ്ഞു കിടക്കുന്നു | 17 | Q3 | ഒഴിഞ്ഞു കിടക്കുന്നു |
| 22 | സുമതി ചന്ദ്രൻ,പടിഞ്ഞാമുറി DIV-11 | 18 | R1 | ജോലി സ്ഥലത്തേക്ക് ദൂരക്കൂടുതൽ ആയതിനാൽ താമസിക്കാൻ താൽപര്യം ഇല്ല താക്കോൽ തിരിച്ചേൽപ്പിച്ചു |
| 23 | ബേബി എഴുത്തുപുരക്കൽ | 18 | R2 | താക്കോൽ കൈപ്പറ്റി. നാളിതുവരെ താമസിച്ചിട്ടില്ല. |
| 24 | സ്മിത ഉണ്ണികൃഷ്ണൻ, കാട്ടിൽ പറമ്പിൽ DIV-30 | 18 | R3 | താമസം ഉണ്ട് |

| | | | | |
|---|---|---|---|---|
| 25 | ഒഴിഞ്ഞു കിടക്കുന്നു | 19 | S1 | ഒഴിഞ്ഞു കിടക്കുന്നു |
| 26 | ഒഴിഞ്ഞു കിടക്കുന്നു | 19 | S2 | ഒഴിഞ്ഞു കിടക്കുന്നു |
| 27 | ആനി ചിരിയങ്കണ്ടത്ത് DIV-47 | 19 | S3 | താമസം ഉണ്ട് |
| 28 | ഒഴിഞ്ഞു കിടക്കുന്നു | 20 | T1 | ഒഴിഞ്ഞു കിടക്കുന്നു |
| 29 | ഒഴിഞ്ഞു കിടക്കുന്നു | 20 | T2 | ഒഴിഞ്ഞു കിടക്കുന്നു |
| 30 | ഒഴിഞ്ഞു കിടക്കുന്നു | 20 | T3 | ഒഴിഞ്ഞു കിടക്കുന്നു |

താഴത്തെ നിലയിൽ ഒഴിഞ്ഞ് കിടക്കുന്ന ഫ്ലാറ്റുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു .
15/ O1 FLAT ഒഴിഞ്ഞ് കിടക്കുന്നു.
18/R1 FLAT സുമതി ചന്ദ്രൻ,പടിഞ്ഞാമുറി DIV-11 ,താമസിക്കാൻ
താൽപര്യം ഇല്ലെന്നും താക്കോൽതിരിച്ചേൽപ്പിക്കാമെന്നും ഫോൺ മുഖാന്തിരം അറിയിച്ചു
19/S1 No: FLAT ഒഴിഞ്ഞ് കിടക്കുന്നു
20/T1 No: FLAT ഒഴിഞ്ഞ് കിടക്കുന്നു
ആയത് പ്രകാരം രണ്ടാം നിലയിൽ താമസിക്കുന്ന ശ്രീമതി തങ്കമ്മ ,W/O വർഗ്ഗീസ്സ് ,കരയാം പറമ്പിൽ എന്നവരെ താഴത്തെ നിലയിൽ ഒഴിവുള്ള ഏതെങ്കിലും ഫ്ലാറ്റിലേക്ക് മാറ്റി നൽകുന്ന വിഷയം ബഹു.കൌൺസിലിന്റെ പരിഗണനയ്ക്കായി
കുറിപ്പ് :
1.29/05/2026 തീയ്യതിയിലെ 14 നമ്പർ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാന പ്രകാരവും 20/05/2026 തീയ്യതിയിലെ 2 നമ്പർ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാന പ്രകാരവും ഒഴിഞ്ഞ് കിടക്കുന്ന ഫ്ലാറ്റുകളോ മാറാൻ സന്നദ്ധതയുള്ളവരോ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് റിപ്പോർട്ട് സഹിതം കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.
2.വത്സല അർജുനൻ,കിഴക്കിനേടത്ത് DIV-45 17/Q2(ഒന്നാം നില), ടെസ്സി മുണ്ടുപാല DIV-45 13/ M3 (രണ്ടാം നില) നിലവിൽ താമസം ഉണ്ടായിരുന്നതാണ്.എന്നാൽ 24/05/2026 തീയ്യതിയിൽ ഗുണ്ടകൾ കയറിവന്ന് ആക്രമണം നടത്തുകയും ഭീഷണിപ്പെടുത്തിയത് മൂലവും താമസിക്കാൻ താൽപ്പര്യമില്ലെന്നും ഫ്ലാറ്റ് ഒഴിഞ്ഞു പോകുന്നതായും എഴുതി നൽകിയിട്ടുള്ളതും താക്കോൽ കൈമാറിയിട്ടുള്ളതും ആണ്.

67. **വിഷയം (ഫയൽ നമ്പർ - 5279622-2026)**

തൃശ്ശൂർ കോർപ്പറേഷൻ - പൊതുമരാമത്തു വകുപ്പ് - സെക്യൂരിറ്റി ഡെപ്പോസിറ്റ് & ഇ എം ഡി റിലീസിംഗ് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ പൊതുമരാമത്ത് പ്രവൃത്തികളിൽ പൂർത്തികരിച്ചിട്ടുള്ള പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ അത് തിരിച്ചുകിട്ടുന്നതിന് അപേക്ഷ നൽകുമ്പോൾ ഫയൽ ലഭ്യമല്ല എന്നാണറിയുന്നത് എന്നും ആയതിനാൽ അങ്ങിനെയുള്ള ഫയലുകളുടെ EMD/SD ഒരു Indemnity Bond സ്വീകരിച്ച് റിലീസ് ചെയ്തുതരുവാൻ തീരുമാനം ഉണ്ടാകണമെന്നും എന്ന ആവശ്യവുമായി THRISSUR CORPORATION CONTRACTORS ASSOCIATION സെക്രട്ടറി ശ്രീ സുരേഷ് കുമാർ ടി ആർ എന്നവർ സമർപ്പിച്ച അപേക്ഷ ബഹു കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ്

08.09.2023 തിയതിയിലെ ബഹു കൌൺസിൽ തീരുമാനം നമ്പർ 25 പ്രകാരം ഇതേ വിഷയത്തിൽ ഫയലുകൾ ലഭ്യമല്ലാത്തതും/കരാറുകാരൻ മരണപ്പെട്ടതും തുടങ്ങി വിവിധങ്ങളായ കാരണങ്ങളാൽ കെട്ടിക്കിടക്കുന്ന ഇ എം ഡി /എസ് ഡി കൾ സംബന്ധിച്ച ഫയൽ ലഭ്യമാകാത്ത കേസുകളിൽ ഇൻഡംനിറ്റി ബോണ്ട് കരാറുകാരുടെ പക്കൽ നിന്നും ലഭ്യമാക്കി ഇ എം ഡി /എസ് ഡി കൾ കരാറുകാർക്ക് തിരികെ നൽകുന്നതിനും തുടർ നടപടി എന്ന നിലയിൽ സർക്കാരിലേക്ക് കത്തെഴുതുന്നതിനും തീരിമാനിച്ചിട്ടുള്ളതാണ്.

CORPORATION OFFICE THRISSUR

ശരിപകർപ്പ്
സെക്രട്ടറി

കൗൺസിൽ സെക്രട്ടറി
തൃശൂർ കോർപ്പറേഷൻ